**കേരള സർക്കാർ**

# എടത്തല ഗ്രാമപഞ്ചായത്ത്
# 2018-2019
# ഓഡിറ്റ് റിപ്പോർട്ട്


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

**website : www.lfa.kerala.gov.in**

**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി5 )1954/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി.03.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടത്തല ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-ഇ.കെ.എം (പി5) 1954/2019 തീയതി: 03.01.2020

## എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-11-2019 മുതൽ 27-11-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി കവിതാ ദേവി.വി,<br>ശ്രീ സന്തോഷ് കുമാർ കെ.വി<br>ശ്രീ ശ്രീജിത്ത് സി.ഡി.,<br>ശ്രീ നവാസ് സി.എം, | ഓഡിറ്റ് ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സാജിത അബ്ബാസ് | 01-04-2018 മുതൽ 31-03 -2019 വരെ |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | വി.എം.അബൂബക്കർ | 01.04.2018-31.03.2019 |
| വികസനകാര്യ സ്ററാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൻ | ആബിദാ ഷെരീഫ് | 01-04-2018 മുതൽ 31-03-2019 വരെ |
| ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | എം.പി.കുഞ്ഞഹമ്മദ് | 01-04-2018 മുതൽ 31-03-2019 വരെ |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ | ജിനില റഷീദ് | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ജയകുമാരി എം.ആർ | 01-04-2018 മുതൽ -02-05-2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| ,, | സുധർലാൽ എൻ.എസ്. (അസിസ്റ്റന്റ് സെക്രട്ടറി) | 02-05-2018 മുതൽ 26-06-2018 വരെ |
| ,, | റീനാ റാഫേൽ | 26-06-2018 മുതൽ 05-07-2018 വരെ |
| ,, | ആരതി ബാബു | 05-07-2018 മുതൽ 08-08-2018 വരെ |
| ,, | ലാൽ സിംഗ്. എസ് | 08-08-2018 മുതൽ 05-03-2019 വരെ |
| ,, | ആരതി ബാബു (അസിസ്റ്റന്റ് സെക്രട്ടറി ) | 05-03-2019 മുതൽ 11-03-2019 വരെ |
| ,, | റെജികുമാർ വി.എസ്. | 11-03-2019 മുതൽ 26-03-2019 വരെ |
| ,, | ആരതി ബാബു (അസിസ്റ്റന്റ് സെക്രട്ടറി ) | 26-03-2019 -31-03-2019 |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ലത ഇ.വി. | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ. | ഡോ.ഷഹർബാൻ പി.എം. | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ആൻസി സെബാസ്റ്റ്യൻ കെ | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ.,എടത്തല | മനോജ് | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ കുഴവേലിപ്പടി | അരുൺകുമാർ എൻ.കെ. | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ശ്രീരേഖ വി.എസ്. | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.സ്മിതാ റാണി | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ആരതി ബാബു | 01-04-2018-31-03-2019 |
| അസി.എഞ്ചിനീയർ | യൂസുഫ് .കെ.എ. | 01-04-2018-31-03-2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഉമ്മു ഹബീബ | 01-04-2018-20-06-2018 |
| ,, | സാഹിറ | 21-06-2018-31-03-2019 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | സിമി.എൻ | 01.04.2018-31.3.2019 |

**ഉള്ളടക്കം**


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | അക്കൌണ്ട്സ് -പരാമർശങ്ങൾ | 1-12 |
| 13 | വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 1-13 |
| 14 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 1-14 |
| 15 | സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട അപാകതകൾ. | 1-15 |
| 16 | വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം അപാകതകൾ | 1-16 |
| 17 | കാലിക പ്രസക്തിയുള്ള പല വിഷയങ്ങളിലും നടപടി സ്വീകരിക്കുന്നില്ല | 1-17 |
| 18 | എടത്തല ഗ്രാമ പഞ്ചായത്ത്- നിഷ്ക്രിയാസ്തികൾ | 1-18 |
| 19 | പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-19 |
| 20 | ശമ്പളറിക്കവറി തുകകൾ യഥാസമയം അടവാക്കുന്നില്ല | 1-20 |
| 21 | മാലിന്യശേഖരണവും സംസ്കരണവും - സംവിധാനത്തിലെ അപര്യാപ്തതകൾ. | 1-21 |
| 22 | മറ്റ് അപാകതകളും നിർദ്ദേശങ്ങളും | 1-22 |
| 23 | L.E.D. തെരുവ് വിളക്ക് ഇൻസ്റ്റലേഷൻ - ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് കരാർ നല്കിയില്ല - ദ്വിവർഷപദ്ധതിയിൽ പഞ്ചായത്തിന് 2018-19 വർഷത്തിൽ 445200രൂപയുടെ നഷ്ടം-തുക നിരാകരിക്കുന്നു. | 3-1 |
| 24 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 28 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷേപം | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 32 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 37 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |



# <u>ഭാഗം -1</u>

# <u>ഓഡിറ്റ് റിപ്പോർട്ട്.</u>

# 1-1 ബജറ്റ്

26-03-2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 07-02-2019 തീയതിയിലെ (5)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 01-06-2018 | – | -- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 35493817 |
| വരവ് | 131001714 |
| ആകെ | 166495531 |
| ചെലവ് | 82841343 |
| നീക്കിയിരിപ്പ് | 83654188 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACRപ്രകാരം) | | 0 | 20963559 | 20963559 | 20876044 | - | 87515 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | | 0 | 10730000 | 10730000 | 6179874 | - | 4550126 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | | 0 | 382000 | 382000 | 71750 | - | 310250 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 104580000 | 104580000 | 9591053 | - | 866947 |
| മെയിന്റനൻസ്, നോൺ റോഡ് (ACR പ്രകാരം) | | | 4366000 | 4366000 | 3459273 | - | 906727 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 11907293 | 11907293 | 9729871 | - | 2177422 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - | - |
| സാക്ഷരത | | 37365 | 2766 | 40131 | -- | 40131 | |
| ദുരിതാശ്വാസനിധി | | 1801 | 72 | 1873 | -- | 1873 | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | | 17573466 | 17573466 | 1757466 | - | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2276 | 546680 | 548956 | 542357 | 6599 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 296170 | 1623905 | 1920075 | 823905 | 1596170 | |
| | ജില്ലാ പഞ്ചായത്ത് | -- | 545000 | 545000 | 545000 | -- | |
| വി.പി.എഫ്.എ III – 6- | | 1269775 | 60440 | 1330215 | 14000 | 1190215 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 33802082 | 32839164 | 66641246 | 21659277 | 44981969 | |
| | ട്രഷറി അക്കൗണ്ട് | 83008 | 38914972 | 38997980 | 10453398 | 28544582 | |
| മറ്റിനം – സാനിട്ടേഷൻ | | 1340 | 54 | 1394 | -- | 1394 | |

**(*)**- എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവുകൾ എന്ന ഇനത്തിൽ വാർഷികധനകാര്യപ്പത്രികയിലെ വരവ് -ചെലവും, യഥാർത്ഥവരവ്- ചെലവും തമ്മിൽ 4,27712/ -രൂപയുടെ വ്യത്യാസമുണ്ട്. ഇത്രയും തുക ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ തെറ്റായി ചേർത്തതുകൊണ്ട് ഉണ്ടായ ഈ വ്യത്യാസം 2018-19 വർഷത്തെ അക്കൗണ്ട്സിൽ പരിഹരിക്കേണ്ടതാണ്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 12,84,87,570 | 141 | 5,51,82,234 | 15 | 81 | 56.75% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)പ്രോജക്ട് നം. 99/19 – മരോട്ടിക്കൽ അങ്കണവാടി കട്ട വിരിക്കൽ - വാർഡ് 15അടങ്കൽ - 695742 , ചെലവഴിച്ച തുക – 449821, ബിൽ നം. 313 തീയതി - 22-03-2019.

*(പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ നേട്ടങ്ങളും, കോട്ടങ്ങളും വിശകലനം ചെയ്തത് ഉൾപ്പെടെ)*

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2276 | 546680 | 548956 | 542357 | 6599 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 17573466 | 17573466 | 17573466 | 0 |
| | 2276 | 18120146 | 18122422 | 18115823 | 6599 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിനത്തിൽ 2018-19 വാർഷികധനകാര്യപത്രികയിലെ വരവും(RP-31), യഥാർത്ഥവരവും തമ്മിൽ 120000/- (546680 - 426680) രൂപയുടെ വ്യത്യാസം കാണുന്നു. കൂടാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന വേതനയിനത്തിലും(EFMS) വ്യത്യാസം ഉണ്ട്. ഈ വ്യത്യാസങ്ങൾ 2019-20 വർഷത്തെ അക്കൗണ്ട്സിൽ ക്രമപ്പെടുത്തേണ്ടതാണ്.

# 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3089 | 47,96,400 |
| 2 | വിധവാപെൻഷൻ | 6127 | 1,8160,600 |
| 3 | വാർദ്ധക്യകാലപെൻഷൻ | 8244 | 2,78,08,900 |
| 4 | വികലാംഗപെൻഷൻ | 1886 | 59,65,000 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 258 | 5,09,300 |
| 6 | തൊഴിൽ രഹിത വേതനം | 25 | 43,680 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

ക്രമ നം. 5ന്റെ ചെലവ് വാർഷികകണക്കുകളിൽ ചേർത്തിട്ടില്ല

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2019 തീയതി 3 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 93110/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം.

എടത്തല ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്. രേഖകൾ സൂക്ഷിക്കുന്നതിനും അവശ്യാവശ്യമായ രജിസ്ററുകൾ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു. നികുതി / നികുതിയേതര വരവുകളിൽ ചോർച്ച.
എ. തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ / ഫയലുകൾ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. ഓരോ അർദ്ധവർഷത്തേയും തൊഴിൽ നികുതി അടച്ചതിന്റെ രസീത് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് പൂർണ്ണമല്ല. ഓരോ സ്ഥാപനത്തിന്റെയും സ്ഥാപന തൊഴിൽ നികുതി പിരിക്കുന്നത് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല.
ബി. ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നതിന് സമർപ്പിക്കുന്ന പത്രികയിൽ ശമ്പളത്തിന്റെ പൂർണ്ണ വിവരങ്ങൾ ഇല്ല.
സി. ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 650 സ്ഥാപനങ്ങൾക്ക് 2018-19 ൽ ലൈസൻസ് നൽകിയിട്ടുണ്ട്. ഓരോ സ്ഥാപന ഉടമയും ലൈസൻസിന് വേണ്ടി സമർപ്പിക്കുന്ന അപേക്ഷയിൽ സ്ഥാപനങ്ങളിൽ കൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഡി. ഒരു അർദ്ധ വർഷം നികുതി പിരിക്കുകയും തൊട്ടടുത്ത അർദ്ധ വർഷം നികുതി പിരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്.

ഇ. എടത്തല പോലീസ് സ്റ്റേഷനിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി പിരിച്ചതിന്റെ യാതൊരു രേഖകളും ഫയലിലോ , രജിസ്റ്ററിലോ ഇല്ല.

എഫ്. നം. കെ.എസ്.എ. -ഇ.കെ.എം. (പി.5 ) 2205/18 01-03-2019 പ്രകാരം പുറപ്പെടുവിച്ച എടത്തല ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 ൽ തൊഴിൽ നികുതി സംബന്ധിച്ച 12 പരാമർശങ്ങൾ പറഞ്ഞിരുന്നു. ആയത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ (15-10-2018 മുതൽ 31-10-2018 വരെ) ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിലും, ഓഡിറ്റ് റിപ്പോർട്ടിന്

ലഭ്യമാക്കിയ മറുപടിയിലും മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്നും തൊഴിൽ നികുതി പിരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ നിലവിലും മേൽ അപാകതകൾ നിലനിൽക്കുന്നു. 2017-18 വർഷം ഓഡിറ്റ് ചൂണ്ടിക്കാണിച്ച സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷവും തൊഴിൽ നികുതി പിരിച്ചിട്ടില്ല. ഇത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 ൽ പറയുന്ന കാര്യങ്ങളുടെ ലംഘനമാണ്. മാർച്ച് 2019 ൽ ഗ്രാമ പഞ്ചായത്തിൽ ലഭിച്ച ഓഡിറ്റ് റിപ്പോർട്ട് സം ബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്യുകയോ ഓഡിറ്റ് ചൂണ്ടികാണിച്ച രീതിയിൽ തൊഴിൽ നികുതി പിരിക്കുന്നതിന് നടപടികൾക്കായി തീരുമാനിക്കുകയോ ചെയ്തില്ല. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ യോഗങ്ങളിലും കാര്യക്ഷമമായി നികുതി പിരിക്കുന്നതിനും ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും നടപടി എടുത്തില്ല. സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു പോലും തൊഴിൽ നികുതി പിരിച്ചിട്ടില്ല എന്നത് ഗ്രാമ പഞ്ചായത്തിന്റെ വീഴ്ചയായി ഓഡിറ്റ് കാണുന്നു. ഈ രീതിയിൽ ഗ്രാമപഞ്ചായത്തിന് വൻ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

ജി. നികുതിയേതര വരവുകളായ വാടക 2018-19 ലും പിരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ GST രജിസ്ട്രേഷനോടെ പ്രവർത്തിക്കുന്ന അമൃതം ഫുഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാടക ഈ വർഷവും പിരിച്ചിട്ടില്ല.

എച്ച്. സ്ഥാപനതൊഴിൽനികുതി സംബന്ധിച്ച് രജിസ്റ്റർ ഉണ്ടെങ്കിലും കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. മറ്റ് ഡിമാൻറ് രജിസ്റ്ററുകൾ ശരിയായി പരിപാലിച്ച് പോരുന്നു. വരുമാന സ്രോതസ്സുകൾ ധാരാളം ഉണ്ടെന്നിരിക്കെ ആയത് കാര്യക്ഷമമയി പിരിച്ചെടുക്കാത്തത് ഗ്രാമ പഞ്ചായത്ത് ഭരണസമിതി/ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. ഗ്രാമ പഞ്ചായത്തിലെ സൂപ്പർ വൈസറിംഗ് സംവിധാനവും കാര്യക്ഷമമല്ല. ഗ്രാമ പഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയും മേൽ അപാകതയ്ക്ക് കാരണമായിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്തിൽ വിവിധ പ്രൊജക്ടുകൾക്കായി നടത്തുന്ന വാങ്ങലുകൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ വിതരണം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.വൗച്ചറുകൾക്ക് സബ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.ഉദ.21800324/31.8.18-വാർഡുതലശുചീകരണം-125000,

21800324/31.8.18-വാർഡുതലശുചീകരണം-105000,

21800177/20.6.18-വാർഡുതലശുചീകരണം-210000

**ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.**

1.പാർട്ട് ടൈം ലൈബ്രേറിയന്റെ സ്ഥിരം തസ്തികയുള്ള പഞ്ചായത്തിൽ 3500 പുസ്തകങ്ങൾ മാത്രമാണ് ഉള്ളത്. ലൈബ്രറിക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് 2018-19ൽ പദ്ധതി രൂപീകരിച്ചു എങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.2009ലാണ് ലൈബ്രറിക്ക് അവസാനമായി പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്. ലൈബ്രറിക്ക് ആവശ്യമായ സ്ഥല സൗകര്യവും പഞ്ചായത്ത് ഒരുക്കിയിട്ടില്ല.പൊതുജനങ്ങൾക്കു ഉപകാരപ്രദമാകുന്നതരത്തിൽ ലൈബ്രറിയുടെയും ലൈബ്രേറിയന്റെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മെഡിക്കൽ ഓഫീസർ പി.എച്ച്.സി 2018-2019 വർഷത്തിൽ മരുന്നുവാങ്ങൽ, സാന്ത്വന പരിചരണ പരിപാടി, വനിതകൾക്കായുള്ള പ്രത്യേക ആരോഗ്യ പരിരക്ഷ പദ്ധതി, പകർച്ചവ്യാധി നിയന്ത്രണ പദ്ധതി എന്നിങ്ങനെ 4 പ്രോജക്ടുകളാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. ഈ പ്രോജക്ടുകളുടെ നടത്തിപ്പിനായി തൻവർഷം ആകെ 1239486/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2016 മാർച്ചിനു ശേഷം ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരമുള്ള TR 7A ക്യാഷ് ബുക്ക് നിർബന്ധമായും എഴുതി പരിപാലിക്കേണ്ടതാണ്.

3.വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി

നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

4.ഹരിതകർമ്മസേന രൂപീകരിച്ചെങ്കിലും മാലിന്യ നിർമ്മാർജ്ജനപ്രക്രിയയിൽ സജീവമായില്ലയെന്നതിന് തെളിവാണ് പഞ്ചായത്തിലെ ഈ വിഷയത്തിലുള്ള പ്രശ്നങ്ങളും തർക്കങ്ങളും

5. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 99/18-19 എന്ന പദ്ധതിയിൽ വാർഡ് 15ലെ മരോട്ടിക്കൽ അങ്കണവാടി റോഡ് ടൈൽ വിരിക്കുന്നതിനാണ വിഭാവനം ചെയ്തിരുന്നത്. എന്നാൽ NAD യിൽ നിന്നും 100 കി.മീറ്ററിനുള്ളിൽ പെട്ട സ്ഥലമാകയാൽ NAD പണിനിർത്തിവയ്ക്കുന്നതിന് മെമ്മോ നല്കുകയും പണി നിർത്തിവയ്ക്കുകയും ചെയ്തു, വ്യക്തമായ കാഴ്ചപ്പാടില്ലാതെ പദ്ധതി രൂപീകരിച്ചത് മൂലമാണ് പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നത്. ദീർഘവീക്ഷണത്തിന്റെ അഭാവം ധനനഷ്ടം, സമയനഷ്ടം എന്നിവയ്ക്ക് കാരണമാകുക മാത്രമല്ല മറിച്ച് പഞ്ചായത്തിന്റെ വികസനത്തിന് തടസമാവുകയുമാണ്

6.വികസനോന്മുഖമായ യാതൊരു പദ്ധതികളും ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല.പഞ്ചായത്തിന് വാഹനം വാങ്ങുക., സ്ഥലം വാങ്ങുക, ബയോപാർക്ക് നിർമ്മിക്കുക എന്നിങ്ങനെ വിഭാവനം ചെയ്ത പദ്ധതികളൊന്നും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26.12.2018 | 2018 നവംബർ | 29.12.2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2014 | 2009-10 മുതൽ 2013-14 വരെ | 10.11.2014 |

# 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. എടത്തല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ അക്കൌണ്ട്സ് പ്രകാരം capital work in progress ഇല്ല എന്നു കാണുന്നു. എന്നാൽ അസിസ്ററന്റ് എഞ്ചിനീയർ 2018-19 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പല പദ്ധതികളിലും part bill മാത്രമാണ് നല്കിയിട്ടുള്ളത്. അക്കൌണ്ട്സിലെ ഈ അപാകതയ്ക്ക് നല്കിയ വിശദീകരണം അസി.എൻജിനീയർ നല്കിയ തെററായ വിവരം മൂലമാണെന്നാണ്. അപാകത പരിഹരിക്കേണ്ടതാണ്.

2.എടത്തല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ അക്കൌണ്ട്സിൽ audit fees -308000രൂപ കാണിച്ചിട്ടുണ്ട്. ആയത് ആഡിററ് റിക്കവറി എന്ന ഹെഡിൽ വരേണ്ടിയിരുന്നു.

3.Electricity deposit-46067 രൂപ കാണിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരികമായ വിവരം ലഭീച്ചിട്ടില്ല. തെരുവു വിളക്കുകൾക്ക് മീററർ സ്ഥാപിക്കുന്നതിനായി കെ എസ് ഇ ബി യിൽ ഡെപ്പോസിററ് ചെയ്ത തുക സംബന്ധിച്ച വിവരം ലഭ്യമല്ല.

4. Deposit with KSEB, KWA, PWD എന്നിവയുടെ ആധികാരിക രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഏതെല്ലാം കാലയളവിൽ ഡെപ്പോസിററു ചെയ്യപ്പെട്ടു, ഏതെല്ലാം വർക്കുകളിൽ ബാക്കി തുക നില്ക്കുന്നുണ്ട് എന്നു അന്വേഷിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

5. Stale cheques Rs.843918-b9 shedule-ൽ കാണിച്ചിട്ടുണ്ട്. എന്നാൽ ആയത് ക്യാൻസൽഡ് ചെക്കുകളാണ്. അതായത് പഞ്ചായത്തിന് അത്തരത്തിൽ ഒരു ബാധ്യത ഇല്ല. ഈ വിഷയത്തിൽ ഒരു നടപടിക്രമം ഉണ്ടാക്കി

ജേർണൽ ചെയ്ത് ബാദ്ധ്യത ഭാഗത്ത് നിന്ന് ഒഴിവാക്കേണ്ടതാണ്.

# 1-12 വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

(എ). 25.11.2019 ന് രാജഗിരി ആശുപത്രിയുടെ വസ്തുനികുതിനിർണ്ണയിച്ചതുമായി ബന്ധപ്പെട്ട് നടത്തിയ പ്രാദേശിക പരിശോധനയിൽ അസസ്സ്മെന്റ് സംബന്ധിച്ച ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ചുവടെ ചേർക്കുന്നു.

1. 4ാം വാർഡിലെ 600/D എന്ന കെട്ടിടത്തിന്റെ തറ നിർമ്മിതി സാധാരണ തറയാണെന്നാണ് ഫോം 6 ൽ കാണുന്നത് ( മൊസൈക്ക്, തറയോട്, സിമന്റ്, റെഡ് ഓക്സൈഡ്). എന്നാൽ ഗ്രൌണ്ട് ഫ്ളോറിലും സെല്ലാർ ഫ്ളോറുകളിലും നടത്തിയ പരിശോധനയിൽ ഉയർന്ന തരം ഗ്രാനൈറ്റും മാർബിളും ഉപയോഗിച്ചതായാണ് കാണുന്നത്.മൂന്ന് സെല്ലാർ ഫ്ളോറുളടക്കം 11 നിലകളുള്ള പ്രസ്തുത കെട്ടിടത്തിൽ എല്ലാ നിലകളിലും ഈ രീതിയിലുള്ള നിർമ്മിതിയാണെങ്കിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതായി കാണുന്നു. ജി.ഒ 21/2011/ത.സ്വ.ഭ.വ14.01.2011 ഉത്തരവ് പ്രകാരം മേൽത്തരം തറ നിർമ്മിതിക്ക് അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതുണ്ട്.പ്രസ്തുത കെട്ടിടത്തിന് 47816.7 ച.മീ വിസ്തീർണ്ണമുണ്ട്.ആയതിന്റെ അടിസ്ഥാന വസ്തു നികുതി 3,34,716.9 ( 47816.7 *7 )രൂപയാണ്.ആയതിന്റെ 15 ശതമാനമായ 50,208 രൂപ വസ്തു നികുതിയിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

2. 600/I എന്ന കെട്ടിടത്തിന്റെ നികുതിനിർണ്ണയത്തിലും സമാനമായ അപാകത കാണുന്നുണ്ട്.പ്രസ്തുത കെട്ടിടത്തിന് 8,347.31 ച.മീ വിസ്തീർണ്ണവും 15 നിലകളുമുണ്ട്.ആയതിന്റെ അടിസ്ഥാന വസ്തു നികുതി 2,50,419.33 ( 8,347.31 *30 )രൂപയാണ്.ആയതിന്റെ 15 ശതമാനമായ 37,563 രൂപ വസ്തു നികുതിയിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

3. 600/J എന്ന കെട്ടിടത്തിനും സമാനമായ അപാകത കാണുന്നുണ്ട്. കൂടാതെ കെട്ടിടത്തിൽ സെൻട്രലൈസ്ഡ് എ.സി പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ഫോം 6 ൽ ആയത് രണ്ടും ചേർത്തിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് 131.54 ച.മീ വിസ്തീർണ്ണമുണ്ട്. ആയതിന്റെ അടിസ്ഥാന വസ്തു നികുതി 19,731 ( 131.54 *150 )രൂപയാണ്.ആയതിന്റെ 15 ശതമാനമായ 2960 രൂപയും എ.സിയുടെ വർദ്ധനവായ 10 ശതമാനമായ 1,973 രൂപയും അടക്കം 4,933 രൂപ വസ്തു നികുതിയിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

തിരക്കേറിയ ആശുപത്രിക്കെട്ടിടമായതുകൊണ്ട്. എല്ലാ നിലകളിലും പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല. പരിശോധന നടത്തിയ നിലകളിൽ ഉയർന്ന തരം തറനിർമ്മിതി കണ്ടതിനാൽ പഞ്ചായത്തിൽ നിന്ന് സ്ഥാപനങ്ങളുടെ തറനിർമ്മിതി സംബന്ധിച്ച് പരിശോധന നടത്തി തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു. എല്ലാ നിലകളിലും ഉയർന്ന തറനിർമ്മിതിയാകുന്ന പക്ഷം ആകെ വസ്തു നികുതി തൻവർഷ വരുമാന നഷ്ടം 92,704 രൂപയാണ്.( 50,208 + 37,563+ 4,933 ).

4. ആശുപത്രിയുടെ താഴെ കാന്റീനും വിവിധ ഫ്ളോറുകളിൽ കോഫീഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ആയതിന് ആശുപത്രിയുടെ വസ്തുനികുതിയാണ് സ്ഥാപനം നൽകി വരുന്നത്. പ്രസ്തുത കെട്ടിട ഭാഗങ്ങളുടെ വസ്തു നികുതി വാണിജ്യ നിരക്കിൽ കണക്കാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.കൂടാതെ മേൽ വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്ത് ലൈസൻസ്, തൊഴിൽ നികുതി ഇനങ്ങളിലും വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

( ബി ). വസ്തു നികുതിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. എടത്തല ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി ഡിമാൻഡ് 1,35,36,533 രൂപയാണ്.എന്നാൽ ഓഡിറ്റ് ആരംഭിച്ച 15.11.2019 ദിവസത്തെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2018-19 ലെ ഡിമാൻഡ് 1,41,53,642 രൂപയാണ്.6,17,109 രൂപ ഡിമാൻഡിൽ വർദ്ധിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ പ്യൂരിഫിക്കേഷൻ 2018-19 ൽ പൂർത്തിയായിരുന്നില്ല എന്ന് വ്യക്തമാണ്.ഇനിയും 8000ത്തോളം കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫൈ ചെയ്യാനുണ്ടെന്നാണ് വ്യക്തമാകുന്നത്.എന്നാൽ വസ്തു നികുതിയിൽ ഡിമാൻഡിൽ പ്രയർ പിരീയഡിൽ ജേർണ്ണൽ എൻട്രി നടത്തി

സഞ്ചയ സേഫ്റ്റ് വെയറിലെ തുകയിലേക്ക് എത്തിച്ചതായ് കാണുന്നു.ആയത് സാംഖ്യ സപ്പോർട്ട് സെല്ലിന്റെ നിർദ്ദേശപ്രകാരമാണ് ചെയ്തതെന്നാണ് പഞ്ചായത്ത് വ്യക്തമാക്കിയത്.ഇത്തരത്തിൽ തികച്ചും കെട്ടിച്ചമച്ച ഒരു തുക ജേർണ്ണൽ എൻട്രി നടത്തി സഞ്ചയ ഡാറ്റയിലെ തെറ്റായ തുകയിലേക്ക് പൊരുത്തപ്പെടുത്തിയത് അപാകതകയാണ്.സഞ്ചയയിലെ പ്യൂരിഫിക്കേഷൻ പൂർത്തിയാകുന്നത് വരെ പ്രസ്തുത സോഫ്റ്റ് വെയറിലെ ഡാറ്റ അപൂർണ്ണമായതുകൊണ്ട് ആയത് പൂർത്തിയാക്കിയതിന് ശേഷം മാത്രം തുടർനടപടികൾ സ്വീകരിച്ചാൽ മതിയെന്ന് നിർദ്ദേശിക്കുന്നു.

2. 1737 കെട്ടിട നമ്പരുകളിലായി 2013-14,14-15,15-16 വർഷങ്ങളിലെ 24,75,011 രൂപ കെട്ടിട നികുതി സസ്പെക്റ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

3. ബിൽഡിംഗ് പെർമിറ്റ് ഫയലിനോടൊപ്പം മാത്രം നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് സൂക്ഷിക്കുന്നത് പരിശോധനക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.കാരണം ഒരു വർഷം നമ്പർ നൽകുന്ന കെട്ടിടങ്ങൾ പല വർഷത്തെ ബിൽഡിംഗ് പെർമിറ്റേന്റേതാണ്. ആയതിനാൽ പെർമിറ്റ് ഫയലിലെ സ്റ്റേറ്റ്മെന്റിന് പുറമെ മറ്റൊരു സ്റ്റേറ്റ്മെന്റ് കൂടി സാമ്പത്തിക വർഷാടിസ്ഥാനത്തിൽ സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.മേൽ സ്റ്റേറ്റ്മെന്റുകളുടെ സോഫ്റ്റ് കോപ്പി സൂക്ഷിച്ചാലും മതിയാകുന്നതാണ്.

# 1-13 തൊഴിൽ നികുതി പിരിവ് അപാകതകൾ

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ/ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.2018-19 വർഷം ആകെ 107 (രജിസ്റ്റർ വോളിയം 1 - 64+രജിസ്റ്റർ വോളിയം 2 – 29,രജിസ്റ്റർ വോളിയം - 3 -14) സ്ഥാപനങ്ങളാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ സ്ഥാപനങ്ങളും, സ്വാകാര്യ സ്ഥാപനങ്ങളും ഉൾപ്പെടുന്ന ലിസ്റ്റ് ആണ് ഇത്. ആകെ 21 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ വലിയൊരു ഭാഗം സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല എന്ന് കണ്ടു. ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 650 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ഇപ്രകാരം ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ടി സ്ഥാപനങ്ങളിൽ കൂടുതൽ ജീവനക്കാർ ജോലി നോക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല. ഇപ്രകാരം തൊഴിൽ നികുതി പിരിക്കുന്നതിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം/പേജ് നം. | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ദിയ പോളിമേഴ്സ് | 8/60 | 7 |
| 2 | ഗൌരീ ഇൻഡ്രേൻ സർവ്വീസസ് | 30/66 | 8 |
| 3 | ഇടത്തല പോളിമേഴ്സ് | 33/66 | 41 |
| 4 | വി സ്റ്റാർ ക്രിയേഷൻസ് | 37/67 | 16 |
| 5 | ഇൻറ്റിമേറ്റ് പ്ലാസ്റ്റിക്സ് | 44/69 | 9 |
| 6 | പീജെ റബ്ബേഴ്സ് | 157/89 | 11 |
| 7 | ഇലഞ്ഞിക്കൽ ഫുഡ് & ബിവറേജസ് | 165/91 | 18 |
| 8 | ഹൈക്കൌണ്ട് മാർക്കറ്റിംഗ് ഡിവിഷൻ | 166/91 | 10 |
| 9 | മെസ്സ് ഇൻത്യ ഗ്യാസ് | 168/92 | 7 |
| 10 | മെഴുക്കാട്ടിൽ മിൽസ് | 176/94 | 40 |

2. തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല. തുക അടച്ചതിന്റെ വിവരം (രസീത് നം./ തീയതി ) രേഖപ്പെടുത്തിയിരിക്കുന്നത് പൂർണ്ണമല്ല.

3. സ്ഥാപന തൊഴിൽ നികുതി പിരിച്ചത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല.

4. സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിൽ നികുതി പിരിച്ചിട്ടില്ല. ഉദാഹരണം - എടത്തല പോലീസ് സ്റ്റേഷനിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല.

5. ഒരു അർദ്ധ വർഷം തുക പിരിക്കുകയും അടുത്ത അർദ്ധ വർഷം തുക പിരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്.

| സ്ഥാപനം | തൊഴിൽ നികുതി രജിസ്റ്റർ പേജ് | പിരിച്ച അർദ്ധ വർഷം | തുക | രസീത് നം. |
|---|---|---|---|---|
| ഇലഞ്ഞിക്കൽ ഫുഡ്സ് & ബിവറേജസ് പ്രൈവറ്റ് ലിമി. | വോളിയം 1 പേജ് 2 | 2018-19 ഒന്നാം അർദ്ധ വർഷം | 12827 | 107986/25-10-2018 |
| എടത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 25 | 2018-19 ഒന്നാം അർദ്ധ വർഷം | 32800 | 106385/31-08-2018 |

മേൽ വിവരിച്ചവയുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയില്ല. 2017-18 വർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ നടപടികൾ സ്വീകരിക്കാതെ തുടരുകയും 2018-19 വർഷം കൂടുതൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി പിരിവിന്റെ പരിധിയിൽ വരാത്തതും ഓഡിറ്റ് ഗൗരവമായി കാണുന്നു. മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട അപാകതകൾ.

1. ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ ഗുണഭോക്താക്കളായ ശ്രീമതി രാജമ്മ വിത്താൻ (പെൻഷൻ നം.106530600069), നബീസ ടി.എ (പെൻഷൻ നം.106530600289), എന്നിവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുകയും പിന്നീട് യഥാക്രമം 17.09.2018, 29.08.2018 എന്നീ തിയതികളിൽ പുന:സ്ഥാപിക്കുകയും ചെയ്തു. ഏത് സാഹചര്യത്തിലാണ് ഇങ്ങനെ ചെയ്തതെന്ന് വ്യക്തമാകുന്നില്ല.രണ്ട് ഗുണഭോക്താക്കൾക്കും സസ്പെൻഡ് ചെയ്യാനുള്ള കാരണങ്ങളൊന്നും തന്നെ (രേഖകൾ ഹാജരാക്കാത്തത്, അഫിഡവിറ്റ് നൽകാത്തത് തുടങ്ങിയവ) കാണുന്നില്ല.മേൽ അപാകത കാരണം 2018-ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിലെ പെൻഷൻ തുക ലഭിച്ചില്ല എന്ന് കാണുന്നു. ഇക്കാലയളവിന് മുൻപും ശേഷവും തുക ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് വിശദീകരണം നൽകേണ്ടതാണ്.

2. 2018-19 സാമ്പത്തിക വർഷം രണ്ട് തവണയാണ് പെൻഷൻ വിതരണം നടന്നത്.ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസത്തെ വിതരണത്തിൽ 54 ഗുണഭോക്തക്കൾക്ക് ബാങ്ക് അക്കൌണ്ടുമായി ബന്ധപ്പെട്ട വിവിധ അപാകതകൾ കാരണം പെൻഷൻ തുക ലഭ്യമായില്ല.ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസത്തെ പെൻഷൻ വിതരണത്തിൽ 50 ഗുണഭോക്തക്കൾക്ക് പെൻഷൻ തുക ലഭ്യമായില്ല. അപാകതകൾ ഗുണഭോക്താക്കളെ ധരിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.സഹകരണസംഘങ്ങൾ വഴി നടക്കുന്ന പെൻഷൻ വിതരണത്തിന് ശേഷം ബാങ്ക് ഭാരവാഹികളും പഞ്ചായത്ത് മെമ്പർമാരും ഉൾപ്പെടുന്ന ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗം കൂടേണ്ടതും പെൻഷൻ വിതരണത്തിലെ അപാകതകൾ അപ്പപ്പോൾ തന്നെ പഞ്ചായത്തിലെ ബന്ധപ്പെട്ട വിഭാഗത്തിൽ അറിയിക്കേണ്ടതുമാണ്.

# 1-15 അനധികൃത നിർമ്മാണം സർക്കാരിന്റെ ശ്രദ്ധയിൽ

## പെടുത്തുക.

15ാം വാർഡിൽ 629 A, 631, 632, 633, 634 ,635, 635 A എന്നീ നമ്പരുകളിലുള്ള പിവീസ് റിയൽറ്റേഴ്സ് എന്ന കെട്ടിട ഉടമയുടെ കെട്ടിടത്തിന് സമീപത്ത് 6 നിലകളുള്ള ഒരു ഹൈറൈസ് ബിൽഡിംഗ് പണി പൂർത്തിയാകാത്ത നിലയിൽ കാണപ്പെടുന്നു.ആയതിന്റെ പെർമിറ്റ് സഹിതമുള്ള വിശദാംങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ടി കെട്ടിടം പെർമിറ്റ് ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുൻപ് പണിതിട്ടുള്ളതാണെന്നും പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനോ ക്രമവത്കരിക്കുന്നതിനോ ഇതു വരെ പഞ്ചായത്തിൽ അപേക്ഷ ലഭിച്ചിട്ടില്ല എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.പ്രസ്തുത കെട്ടിടം നാവിക ആയുധ ഡിപ്പോയുടെ (Navel Armament Depot) അടുത്താണ് സ്ഥിതി ചെയ്യുന്നത്.കെട്ടിടത്തിന്റെ ഉയരം സംബന്ധിച്ച് എൻ.എ.ഡി സുരക്ഷപരമായ എതിർപ്പ് ഉയർത്തിയതുകൊണ്ടാണ് കെട്ടിടത്തിന് അംഗീകാരം ലഭിക്കാത്തതെന്നാണ് പരിസരവാസികളിൽ അറിയാൻ കഴിഞ്ഞത്.കെട്ടിടത്തിന്റെ താഴത്തെ നില ഏതാണ്ട് പൂർണ്ണമായി പണിതീർന്നിട്ടുണ്ട്. താരതമ്യേന ജനവാസം കുറഞ്ഞ ഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം ആ അർത്ഥത്തിൽ ഇപ്പോഴും സുരക്ഷക്ക് ഭീഷണിയാണ്.കേരള പഞ്ചായത്ത് രാജ് ആക്ട് സെ.235 W പ്രകാരം അനധികൃത കെട്ടിടമായി കണക്കാക്കാവുന്ന കെട്ടിടമാണോ എന്ന് പരിശോധിക്കാവുന്നതും അല്ലെങ്കിൽ സർക്കാരിന്റെ ശ്രദ്ധയിൽ ഉചിതമാർഗ്ഗേണ പെടുത്തണമെന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# 1-16 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

നിർവ്വഹണം – അസി.സെക്രട്ടറി.

| | |
|---|---|
| പ്രോജക്ട് നം. | SO18/2018-19 |
| പ്രോജക്ട് നം. | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് |
| അടങ്കൽ | 736000 |
| ചെലവ് | 602331 |
| ബിൽ നമ്പർ | 28/2018-19<br>27.03.2019 |

മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രീമതി സതി.എ.കെ., അയ്യങ്കേരിപറമ്പ്, NAD,നൊച്ചിമ എന്നയാളുടെ മകൾ വിഷ്ണ പ്രിയക്ക് ലാപ് ടോപ് നൽകിയിട്ടുണ്ട. ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി ടിയാൾ സമർപ്പിച്ച രേഖകളിൽ (റേഷൻ കാർഡ്,വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്) ടിയാൾ ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് നിവാസിയാണ്. ഇപ്രകാരം എടത്തല ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താവ് അല്ലാത്തയാൾക്ക് ആനുകൂല്യം വിതരണം ചെയ്തതിന് കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ എടത്തല ഗ്രാമപഞ്ചായത്ത് നിവാസിയാണെന്നും ഈ ഗുണഭോക്താവിന് ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും ലാപ്ടോപ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയതിന് ശേഷം ആനുകൂല്യം വിതരണം ചെയ്യേണ്ടതാണ്. ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും സാക്ഷ്യ പത്രം വാങ്ങി ഓഡിറ്റിന് മുമ്പാകെ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 കാലിക പ്രസക്തിയുള്ള പല വിഷയങ്ങളിലും നടപടി സ്വീകരിക്കുന്നില്ല

വളരെയധികം കാലിക പ്രസക്തിയുള്ള പല വിഷയങ്ങളിലും നടപടി സ്വീകരിക്കുന്നതിനു കമ്മിറ്റികളിൽ തീരുമാനം എടുക്കുന്നുണ്ട് എങ്കിലും അവയെല്ലാം തീരുമാനങ്ങൾ മാത്രമായി അവശേഷിക്കുന്നതായാണ്

കാണുന്നത്. സുപ്രധാനങ്ങളായ ചില തീരുമാനങ്ങൾ, യോഗം കൂടിയ തീയതി, സ്വീകരിച്ച നടപടി, ഓഡിറ്ററിന്റെ അഭിപ്രായം എന്നിവ ചുവടെ ചേർക്കുന്നു. മേൽ വിഷയങ്ങളിൽ നടപടി സ്വീകരിച്ചതു സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല എന്നു വ്യക്തമാണ്.

1. 2018-19 സാമ്പത്തിക വർഷം എടത്തല ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിനുള്ള അനേകം അപേക്ഷകൾ ലഭിച്ചതിന്മേൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മിറ്റി തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിൽ അതിനനുസൃതമായ കുറവ് വരുത്തിയിട്ടില്ല. 11/11/19 ൽ 269 ടാപ്പുകളുടെ കരം അടച്ചിട്ടുണ്ട് . പൊതുടാപ്പുകൾ പൊട്ടുന്നതും ജലം പാഴാകുന്നതും സ്ഥിരം പരാതികൾക്ക് കാരണമാകുന്നതിനാൽ ഈ വിഷയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സർക്കാരിലേക്ക് നിവേദനം നല്കുന്നതിനും 26.02.19- ലെ കമ്മിറ്റിയിൽ തീരുമാനിച്ചെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

2. അനധികൃത കുഴൽ കിണറുകൾ സംബന്ധിച്ച പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതിനു 10.07.18 ലെ കമ്മിറ്റിയിൽ തീരുമാനം എടുത്തുവെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. കുഴൽ കിണറുകൾക്ക് ലൈസൻസ്, ഭൂഗർഭജലഅതോറിറ്റിയുടെ സമ്മതപത്രം എന്നിവ ആവശ്യമാണ്. മാത്രമല്ല കുഴൽ കിണറുകൾ ജലസ്രോതസസുകൾക്ക് വൻഭീഷണിയുമാണ്. ആയതിനാൽ കുടിവെള്ളപ്രശ്നം രൂക്ഷമായിട്ടുള്ള ഈ പഞ്ചായത്തിൽ ഈ വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

3.അന്യസംസ്ഥാനതൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നല്കുന്നതിന് നടപടി സ്വീകരിക്കുന്നതിനു 21.06.18ലെ കമ്മിറ്റിയിൽ തീരുമാനം എടുത്തുവെങ്കിലും നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ ഇക്കൂട്ടർ തിങ്ങിപാർക്കുന്ന അനേകം താമസസ്ഥലങ്ങൾ ഉള്ളതും അവർ പരിസരത്തിനും പൊതുജനത്തിനുതന്നെയും പലതരത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും മുൻനിർത്തി ഈ വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

4. അങ്കണവാടി നിർമ്മാണത്തിനു സൗജന്യമായി സ്ഥലം ലഭിച്ചിട്ടുള്ളതാണ്. കെട്ടിട നിർമ്മാണത്തിനു എംപി ഫണ്ടിന്റെ
ആവശ്യകത അറിയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനു കമ്മിറ്റി രൂപീകരിച്ചുവെങ്കിലും ആയതിന്മേൽ നടപടി സ്വീകരിക്കുകയോ വിവരം റിപ്പോർട്ടു ചെയ്യുകയോ ചെയ്തിട്ടില്ല. നിലവിൽ ആറ് അങ്കണവാടികൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യവും കേന്ദ്രാവിഷ്കൃത ഫണ്ട് ഉൾപ്പെടെയുള്ള തുകകളുടെ ലഭ്യതയും കണക്കിലെടുത്ത് ഈ വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

5.ആയുർവേദാശുപത്രിക്കു നല്കിയിട്ടുള്ള കെട്ടിടത്തിന്റെ മുകളിലെ ഹാളിന്റെ വാടക പഞ്ചായത്തിനു ലഭിക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനു തീരുമാനിച്ചു. എന്നാൽ വരവു വന്നിട്ടില്ല. നടപടി സ്വീകരിക്കേണ്ടതാണ്.

6. പഞ്ചായത്ത് stop memo കൊടുത്തിട്ടും മാസ്കോം സ്ററീൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം നിലവിലും തുടരുന്നതായി കാണുന്നു. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7.2015 ലെ ബാലനീതി നിയമം Pocso Act 2012 എന്നിവയുടെ അനുബന്ധ നടത്തിപ്പിനായി പഞ്ചായത്തുതലത്തിൽ ശിശുസംരക്ഷണസമിതി രൂപീകരിക്കണമെന്നും സർക്കാർ ഉത്തരവ് എം.എസ് നം.68/12/എസ്.ജെ.ഡി/28.11.2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിന്മേൽ നടപടി സ്വീകരിക്കുന്നതിനു 24.5.18ലെ കമ്മിറ്റിയിൽ തീരുമാനിച്ചു. എന്നാൽ ശിശുസംരക്ഷണസമിതി രൂപീകരിച്ചിട്ടില്ല. കുട്ടികളുടെ പൊതുവായക്ഷേമം കണക്കാക്കി ഒരു ബാലസഭ രൂപീകരിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയെങ്കിലും ആയതിലും നടപടി സ്വീകരിച്ചില്ല. ആയതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

8.അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചതിന്മേൽ നടപടി എടുക്കുവാൻ 7.2.19 ൽ തീരുമാനിച്ചു. നടപടി ആയിട്ടില്ല. വാർഡ് 11ലെ അങ്കണവാടി പൊളിക്കുന്നതിന്

തഹസീൽദാർ ആവശ്യപ്പെട്ടതിന്മേൽ നടപടി സ്വീകരിക്കാനും 7.2.19ൽ തീരുമാനിച്ചു. എന്നാൽ നടപടി സ്വീകരിച്ചിട്ടില്ല. പൊതുജനത്തിനു അപകടം ഉണ്ടാക്കിയേക്കാവുന്ന അനധികൃത കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 എടത്തല ഗ്രാമ പഞ്ചായത്ത്- നിഷ്ക്രിയാസ്തികൾ

**എടത്തല ഗ്രാമ പഞ്ചായത്ത് - കെട്ടിടസമുച്ചയം നിഷ്ക്രിയാസ്തിയായി തുടരുന്നു.**

പഞ്ചായത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും ആയത് നടപ്പാക്കുന്നതിലും ഒട്ടേറെ അപാകതകൾ കാണുന്നു.

പദ്ധതി രൂപീകരണത്തിലെ അപാകതമൂലം പദ്ധതികൾക്ക് ഉദ്ദേശിച്ച ഫലം കൈവരിക്കാനാവുന്നില്ല.പണികഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിടങ്ങൾ ഉപയോഗ ശൂന്യമായി അവശേഷിക്കുകയാണ്.

1.അഗതി മന്ദിരം-വാർഡ്-5- വൃദ്ധ ജനങ്ങൾക്ക് പകൽവീടായി ഉപയോഗിക്കുന്നതിനു പണികഴിച്ചിട്ടുള്ള ഈ കെട്ടിടത്തിന്റെ ഉത്ഘാടനം 20.1.2010 ൽ നടത്തിയിട്ടുള്ളതാണ്. ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി, വെള്ളം എന്നിവയ്ക്കു പഞ്ചായത്ത് നാളിതുവരെ നടപടിസ്വീകരിക്കുകയോ കെട്ടിടം പ്രവർത്തന യോഗ്യമാക്കുകയോ ചെയ്തിട്ടില്ല.

2.ആശ്രയ മന്ദിരം-വാർഡ്-5-ആശ്രയ ഗുണഭോക്താക്കൾക്ക് ഉപയുക്തമാക്കുന്നതിനായി പണികഴിപ്പിച്ചതും 7 മുറികളോടുകൂടിയതുമായ ഈ കെട്ടിടസമുച്ചയത്തിന് പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി, വെള്ളം എന്നിവയ്ക്ക് പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിക്കുകയോ കെട്ടിടം പ്രവർത്തന യോഗ്യമാക്കുകയോ ചെയ്തിട്ടില്ല.ഈ കെട്ടിടത്തിന്റെയും ഉത്ഘാടനം 20.1.2010 ൽ നടത്തിയിട്ടുള്ളതാണ്.

3.എസ്.സി വനിതാ വിപണനകേന്ദ്രം-വാർഡ് 1-2015 ൽ പ്രവർത്തനം പൂർത്തികരിച്ച ഈ കെട്ടിടത്തിന്റെ ഉത്ഘാടനം 20.1.2015ൽ കഴിഞ്ഞിട്ടുള്ളതാണെങ്കിലും ഇതിൽ യാതൊരു പ്രവർത്തനവും നടന്നില്ല. അടിസ്ഥാനസൗകര്യങ്ങൾ എല്ലാം ലഭ്യമായ ഈ സ്ഥാപനത്തിൽ അലമാരകൾ, ഡസ്കുകൾ, കസേരകൾ എന്നിവ കിടന്നു നശിക്കുകയാണ്. ഫർണിച്ചറുകൾ വാങ്ങിയതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ നിരന്തരം ഉയർന്നുവരുന്ന പല ആവശ്യങ്ങൾക്കും സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കാൻ (ഉദാ.ബഡ്സ് സ്കൂൾ) പഞ്ചായത്തിനു നാളിതുവരെ സാധിച്ചിട്ടില്ല എന്ന വസ്തുത നിലനിൽക്കെയാണ് കോടികൾ മുടക്കി പണിത ഈ കെട്ടിടങ്ങൾ ഉപയോഗിക്കാതെ കിടന്നു നശിച്ചു പോകുന്നത്. വ്യക്തമായ ദീർഘവീക്ഷണം ഇല്ലാതെ പണം ചെലവഴിക്കുകമൂലം പഞ്ചായത്തിനു പല തരത്തിലും ഉപയുക്തമാക്കാവുന്ന കെട്ടിടങ്ങൾ നിഷ്ക്രിയാസ്തിയായി തുടരുന്നു.ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-19 പദ്ധതി നിർവഹണത്തിലെ അപാകതകൾ

12,84,87,570 രൂപയുടെ പദ്ധതി വിഭാവനം ചെയ്തതിൽ വെറും 5,51,82,234 രൂപയുടെ പദ്ധതികൾ മാത്രമാണ് നടപ്പിലാക്കാനായത്. വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശകലനം ചുവടെ ചേർക്കുന്നു.

1. കൃഷി ഓഫീസർ - 50.20 %

2. വെറ്ററിനറി സർജൻ - 49.71 %

3. വി.ഇ.ഒ – 33.84 %

4. സെക്രട്ടറി - 20.38 %

5. അസി.എഞ്ചിനീയർ - 63.12 %

6. അസി.സെക്രട്ടറി - 42.99 %

വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ പരിശോധിച്ചതിൽ പണം ചെലവാക്കാൻ കഴിയാതിരുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെ പോരായ്മയേക്കാൾ കൂടുതൽ ജനങ്ങളുടെ ആവശ്യമറിഞ്ഞ് വ്യക്തമായ ധാരണയോടെ പദ്ധതി തയ്യാറാക്കാത്തതാണ് കാരണം എന്ന് വ്യക്തമാകുന്നു. പദ്ധതികൾ തയ്യാറാക്കുന്നതിൽ ഭരണസമിതിക്കും ഇത്തരം കാര്യങ്ങളിൽ ഭരണസമിതിയെ സഹായിക്കേണ്ട ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവക്കും പലവിധ പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്.

സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിക്ക് വിഭാവനം ചെയ്തത് 11,26,000 രൂപയാണ്. എന്നാൽ ചെലവായത് 1,89,105 രൂപയാണ്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, കറവ പശു വളർത്തൽ എന്നീ പദ്ധതികൾക്ക് യഥാക്രമം 5,75,000 രൂപയും 11,55,000 രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ചെലവാക്കിയത് 93,750 രൂപയും 5,77,500 രൂപയുമാണ്.മേൽ പദ്ധതികളിൽ അവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാത്തതാണ് പദ്ധതിച്ചെലവിനെ ബാധിച്ചത്. കൂടാതെ ബാങ്ക് വായ്പയുമായി പദ്ധതിയെ ബന്ധിപ്പിച്ചതും ആയതിനാവശ്യമായ രേഖകൾ ഹാജരാക്കാൻ ഗുണഭോക്താക്കൾക്ക് കഴിയാതിരുന്നതും പദ്ധതിച്ചെലവിനെ ബാധിച്ചിട്ടുണ്ട്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന 21,00,000 രൂപയിൽ 9,25,000 രൂപ മാത്രമാണ് ചെലവാക്കാൻ കഴിഞ്ഞത്.സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ) നം.22/2018/ത.സ്വ.ഭ.വ, 14.02.2018, അദ്ധ്യായം 6.7.6 ) പൊതു വിഭാഗം പരമാവധി 1,00,000 രൂപ നൽകാമെന്നിരിക്കെ പഞ്ചായത്ത് 25,000 രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത നിരക്കിൽ അറ്റകുറ്റപ്പണികൾ നടത്താൻ ഗുണഭോക്താക്കൾക്ക് താത്പര്യക്കുറവായിരുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിരുന്നു.മികച്ച രീതിയിൽ തനത് വരുമാനം ഉള്ള എടത്തല ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ തുക കുറച്ച് ഗുണഭോക്താക്കളുടെ എണ്ണം കൂട്ടേണ്ട കാര്യമില്ല.ഇങ്ങനെ ചെയ്തിട്ടും പകുതി പോലും തുക ചെലവാക്കാനും സാധിച്ചിട്ടില്ല.മേൽക്കൂര ബലപ്പെടുത്തൽ എസ്.സി എന്ന പദ്ധതിക്ക് 42,00,000 രൂപ വകയിരുത്തിയതിൽ 3,60,000 രൂപ മാത്രമാണ് ചെലവായത്.ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുക നൽകിയിട്ടും പദ്ധതി മുന്നോട്ട് പോകുന്നില്ല.എം.എൻ ലക്ഷം വീട് പദ്ധതിയിൽ 30,00,000 രൂപ വകയിരുത്തിയതിൽ 1,80,000 രൂപ മാത്രമാണ് ചെലവായത്.സെക്രട്ടറിയുടെ പദ്ധതികളിൽ 43,50,000 രൂപ ചെലവ് പ്രതീക്ഷിച്ച ഗാസ് ശ്മശാനം സ്ഥാപിക്കൽ, ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പഞ്ചായത്ത് കെട്ടിടം നിർമ്മിക്കാൻ സ്ഥലം വാങ്ങൽ എന്നിവ നടപ്പായില്ല.പഞ്ചായത്ത് ഭരണസമിതിയുടെ സക്രിയമായ ഇടപെടൽ ആവശ്യമായ പദ്ധതികളായിരുന്നു മുകളിൽ സൂചിപ്പിച്ചവ. തെരുവ് വിളക്ക് പരിപാലനം എന്ന പേരിൽ മൂന്ന് പ്രൊജക്ടാണ് വിഭാവനം ചെയ്തു. ഇതിൽ 28,00,000 രൂപ ചെലവ് വരുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 15,00,000 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ച് പദ്ധതി തയ്യാറാക്കിയ വാഹനം വാങ്ങൽ പദ്ധതി കഴിഞ്ഞ രണ്ട് കൊല്ലമായിട്ടും നടപ്പിലായില്ല.പഞ്ചായത്തിലെ വാഹനം 10 വർഷത്തിലധികം പഴക്കമുള്ളതും ഒരു വർഷം പലതവണ മെയിന്റനൻസ് വേണ്ടിവരുന്നതുമാണ്. 21,30,000 രൂപ ചെലവ് പ്രതീക്ഷിച്ച അങ്കണവാടി കെട്ടിട നിർമ്മാണവും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

2019-20 സാമ്പത്തിക വർഷം ആകെ 6,69,61,245 രൂപയുടെ പദ്ധതികൾ സ്പിൽ ഓവറായി ചേർത്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ സ്പിൽ ഓവർ പദ്ധതികൾക്ക് ചെലവാകുന്ന തുക അതാത് സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവിൽ നിന്ന് തന്നെയാണ് ചെലവാക്കേണ്ടിവരുന്നത്.ആയതിനാൽ സ്പിൽ ഓവർ പദ്ധതികൾ കൂടുന്നത് തൻ വർഷ പദ്ധതികളുടെ നടത്തിപ്പിനെ സാരമായി ബാധിക്കും. കൂടാതെ ഓഡിറ്റ് വർഷം 53,74,922 രൂപയുടെ പദ്ധതികൾ ക്യൂ ബില്ലിൽ ചേർത്തിട്ടുണ്ട്. ആയതിന്റെ ചെലവും തൻവർഷ അലോട്ട്മെന്റിൽ നിന്നാണ് മുൻ വർഷം ചെലവായത്. ആയതിനാൽ പദ്ധതികൾ സ്പിൽഓവർ ആകാതെയും ക്യൂ ബില്ലിൽ ഉൾപ്പെടാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഒട്ടേറെ പദ്ധതികൾക്ക് മുൻഗണന നമ്പർ തെറ്റിച്ച് ധനസഹായം നൽകിയതായി പരിശോധനയിൽ കണ്ടു. ഗുണഭോക്തൃവിഹിതം നൽകാത്തവരേയും രേഖകൾ കൃത്യസമയത്ത് ഹാജരാക്കാത്തവരേയും

ഒഴിവാക്കേണ്ടിവരുന്നതിനാലും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടിയാണ് ഇത്തരത്തിൽ ചെയ്യേണ്ടി വരുന്നതെന്ന് നിർവഹണ ഉദ്യോഗസ്ഥർ വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും ഇത്തരത്തിൽ ചെയ്യേണ്ടി വരുമ്പോൾ ലിസ്റ്റിൽ മുന്നിൽ നിൽക്കുന്ന ഗുണഭോക്താവിന്റെ സമ്മതപത്രം ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ ഭരണസമിതി ഗുണഭോക്താക്കളെ ഗ്രാമസഭയുടെ അംഗീകാരം കൂടാതെ തെരഞ്ഞെടുക്കുന്നതായി കാണുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പൂർണ്ണ അധികാരം ഗ്രാമസഭക്ക് മാത്രമാണ്. ഗുണഭോക്താവിന്റെ പേര് അതേ കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ പേരിൽ മാറ്റിക്കൊടുക്കുന്നതായും കാണുന്നുണ്ട്. ആയതിന്റെ നിർദ്ദേശം ഗ്രാമസഭയിൽ നിന്ന് തന്നെയാണ് വരേണ്ടത്.

വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം പൊതുവെ ശരാശരിയിലും താഴെയായിരുന്നു. വിദ്യാഭ്യാസം -കലയും സംസ്കാരവും, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, കുടിവെള്ളം -ശുചിത്വം, ദാരിദ്ര്യ ലഘൂകരണം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ പല ദിവസത്തെ മിനിട്സ് പോലും ചേർത്തിട്ടില്ല. ഒരു വർക്കിംഗ് ഗ്രൂപ്പ് പോലും മോണിറ്ററിംഗ് നടത്തിയിട്ടില്ല.
മേൽ അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 ശമ്പളറിക്കവറി തുകകകൾ യഥാസമയം അടവാക്കുന്നില്ല

പഞ്ചായത്തിലെ ജീവനക്കാരുടെ 2018 ജനുവരി മാസത്തെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത പെൻഷൻ കോൺട്രിബ്യൂഷൻ തുക ട്രഷറിയിൽ അടവാക്കിയത് 10/10/2018 ൽ മാത്രമാണ്. (രൂപ 47207/-, വൌച്ചർ നമ്പർ 21800472/12-10-2018, ചെക്ക് നമ്പർ 2596322 തി 12-10-2018). മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ എം.ടി. ജിജിമോൻ ഈ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ടിയാളുടെ 7/2017 ലെ ശമ്പളത്തിൽ നിന്ന് IT റിക്കവറി ഇനത്തിൽ പിടിച്ച 1020 രൂപ ടിയാളുടെ ATQPJ 47812 നമ്പർ പാൻ അക്കൌണ്ടിൽ യഥാസമയം അടവാക്കാതിരുന്നതിനാൽ റിട്ടേൺ ഫയൽ ചെയ്ത വേളയിൽ ടിയാൾക്ക് മേൽ തുക നേരിട്ട് ഒടുക്കേണ്ടിവന്നു. ആയത് സെപ്തംബർ 2018 ൽ ടി ജീവനക്കാരന് നേരിട്ട് റീഫണ്ട് നല്കി. (വൌച്ചർ നമ്പർ 21800473 തി 12-10-2018, ചെക്ക് നമ്പർ 75104 തി 12-10-2018). ജീവനക്കാരുടെ ഒക്ടോബർ 2017, നവംബർ 2017, ഡിസംബർ 2017, ഫെബ്രുവരി 2018, മെയ് 2018 മാസങ്ങളിലെ NPS വിഹിതം കുറവ് ചെയ്ത തുക 69780 രൂപ ജൂൺ 2018 ൽ മാത്രമാണ് അടവാക്കിയിരിക്കുന്നത്. ( വൌച്ചർ നമ്പർ 21800158 മുതൽ 21800162 വരെ, ചെക്ക് നമ്പർ 258190 മുതൽ 258194 വരെ, തിയതി 12-6-2018). ശമ്പളറിക്കവറി തുകകൾ യഥാസമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 മാലിന്യശേഖരണവും സംസ്കരണവും - സംവിധാനത്തിലെ അപര്യാപ്തതകൾ.

ഖരമാലിന്യം ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യചുമതലയിൽപ്പെടുന്നു. ആകെയുള്ള 21വാർഡുകളിൽ 17 എണ്ണത്തിലാണ് ഖരമാലിന്യശേഖരണത്തിനായി പഞ്ചായത്ത് സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. വീടുകളിൽ നിന്ന് പ്ളാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് ക്രമീകരണം നടത്തിയിട്ടുള്ളത്. അപ്പോളോ ടയേഴ്സ് എന്ന സ്ഥാപനവുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്. ഈ സേവനത്തിന് യൂസർ ഫീ ഇനത്തിൽ കുടുംബങ്ങളിൽ നിന്ന് പ്രതിമാസം 30 രൂപ ഈടാക്കുന്നുണ്ട്. ഈ സംവിധാനം നിലവിലുള്ളപ്പോഴും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൊതുസ്ഥലങ്ങളിൽ വൻതോതിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യനിക്ഷേപം നടക്കുന്നതായി സ്ഥലസന്ദർശനങ്ങളിൽ ബോധ്യപ്പെട്ടു. കുടുംബങ്ങൾ പദ്ധതിയോട് സഹകരിക്കാതെ അലക്ഷ്യമായി മാലിന്യനിക്ഷേപം നടത്തുകയോ പ്ളാസ്റ്റിക് കത്തിക്കുകയോ ചെയ്യുന്ന പ്രവണത ഉണ്ടോയെന്ന് വിശദമായിപരിശോധിക്കേണ്ടതാണ്. പൂക്കാട്ടുപടിയിൽ പാതയോരത്ത്

ഇത്തരത്തിൽ പ്ളാസ്റ്റിക് കത്തിക്കുന്നതായി പഞ്ചായത്ത് നിയോഗിച്ച അന്വേഷണകമ്മിറ്റി തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ഫയൽ നമ്പർ A6/11608/18/28-01-19). ബോധവൽക്കരണശ്രമങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണെങ്കിലും അത് ദീർഘകാലാടിസ്ഥാനത്തിൽ മാത്രമേ ഫലം ചെയ്യുകയുള്ളൂ. ഇതിന് ചിലപ്പോൾ ഒരു തലമുറമാറ്റം തന്നെയെടുത്തേക്കാം. പുതിയ മാർഗ്ഗങ്ങൾ ചിന്തിക്കേണ്ടതായുണ്ട്. "പ്ളാസ്റ്റിക് തരൂ, ഭക്ഷണം തരാം" എന്ന ഒരു നൂതന പദ്ധതി മലപ്പുറം നഗരസഭ ആവിഷ്കരിച്ചതായി പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മാലിന്യം ശേഖരിച്ച് ആർക്കും നഗരസഭയിലെ MRF യൂണിറ്റിൽ (material recyling facility)എത്തിക്കാം. അവർക്ക് സൗജന്യഉച്ചഭക്ഷണം ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി. ഭക്ഷണം വേണ്ടാത്തവർക്ക് ഉപഹാരങ്ങൾ നല്കുന്നതും നഗരസഭ പരിഗണിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ ശേഖരണസംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള വാർഡുകളിലും മറ്റ് വാർഡുകളിലും പ്ളാസ്റ്റിക് ഒഴികെയുള്ള ഖരമാലിന്യങ്ങൾ, ഉദാഹരണത്തിന് പഴയ ട്യൂബ് ലൈറ്റുകൾ, ഇ- വേസ്റ്റ്, സ്കൂൾ ബാഗുകൾ, ചെരിപ്പുകൾ, മുതലായവ സംസ്കരിക്കുന്നതിന് പഞ്ചായത്തിലെ ജനങ്ങൾക്ക് യാതൊരു സംവിധാനവുമില്ല. നിലവിൽ ഇത്തരം മാലിന്യങ്ങൾ, പ്ളാസ്റ്റിക് ശേഖരിക്കാനായി പഞ്ചായത്തുകൾ ചുമതലപ്പെടുത്തുന്ന ഏജൻസികൾ വീടുകളിൽ നിന്ന് നീക്കം ചെയ്യാറില്ല. ഇ-വേസ്റ്റ് മുതലായവ പൊതുസ്ഥലത്ത് നിക്ഷേപിക്കപ്പെടുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഏതാനും വർഷം മുമ്പ് ഏലൂർ നഗരസഭ ഇ-വേസ്റ്റ് മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരളാ മിഷനുമായി സഹകരിച്ച് ഇവ കൈയ്യൊഴിയുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. ഇത്തരം മാതൃകകൾ ഈ പഞ്ചായത്തിലും പിൻപറ്റാവുന്നതാണ്.

അൽ അമീൻ കോളേജിന് സമീപമുള്ള പുറമ്പോക്ക്ഭൂമി, NAD തുരപ്പ്, 21 ാം വാർഡിലെ ചില പ്രദേശങ്ങൾ, എന്നിവിടങ്ങളിലെല്ലാം വൻതോതിൽ മാലിന്യനിക്ഷേപം നടക്കുന്നതായ പരാതികൾ പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. ഇവ ശരിയെന്ന് സ്ഥലപരിശോധനയിൽ ഓഡിറ്റിന് നേരിട്ട് ബോധ്യപ്പെടുകയുമുണ്ടായി.പത്താം വാർഡിലെ മലിയ്ക്കപ്പടി മോച്ചംകുളം, ഒമ്പതാം വാർഡിലെ കോശികുളം എന്നീ ജലാശയങ്ങളും മാലിന്യവും പായലും നിറഞ്ഞതായി കാണപ്പെട്ടു. മോച്ചംകുളം പരിരക്ഷിക്കുന്നതിന് അപ്പോളോ ടയേഴ്സുമായി സഹകരിച്ച് നടത്തിയ ശ്രമങ്ങൾ അഭിനന്ദനീയമാണ്. എങ്കിലും ഇപ്പോഴും ചുറ്റുവേലിയുടെ ഉയരക്കുറവ് മൂലമോ മറ്റോ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിഞ്ഞതായി കാണപ്പെട്ടു. കുളം പൂർണ്ണമായും പായൽ മൂടിയ അവസ്ഥയിലുമാണ്. താരതമ്യേന മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയുള്ളതും മികച്ച് ഫണ്ട് ബാലൻസ് ഉള്ളതുമായ ഈ പഞ്ചായത്ത് മാലിന്യസംസ്കരണത്തിനായി സ്വന്തമായ സംവിധാനത്തെക്കുറിച്ച് വിചിന്തനം നടത്തേണ്ടതാണ്. ഇതിനായി, നിലവിൽ അനിയന്ത്രിതമായി മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്ന അൽ അമീൻ കോളേജിന് സമീപമുള്ള പത്തേക്കർ റവന്യൂ പുറമ്പോക്ക്ഭൂമി തന്നെ സർക്കാർ അനുമതിയോടെ ഉപയുക്തമാക്കുവാൻ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ നടത്താവുന്നതാണ്. പഞ്ചായത്ത് പ്രദേശത്ത് തന്നെ അനുയോജ്യമായ മറ്റ് സ്ഥലങ്ങളുള്ളതായും സ്ഥലപരിശോധനാ വേളയിൽ ബോധ്യപ്പെടുകയുണ്ടായി. ഇവയിൽ ഏതെങ്കിലും ഒരു സ്ഥലം നിശ്ചയിച്ച് മികച്ച ഒരു മാലിന്യസംസ്കരണ പ്ളാന്റ് നിർമ്മിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ മാലിന്യസംസ്കരണത്തിന് മറ്റ് പഞ്ചായത്തുകൾക്ക് കൂടി മാതൃകയാകാവുന്ന തരത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# 1-22 മറ്റ് അപാകതകളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിന്റെ വസ്തുനികുതിക്കായുള്ള സഞ്ചയ സോഫ്റ്റ് വെയറിൽ കമ്മേർഷ്യൽ, വ്യവസായ ശാലകൾ, എന്നീ ഇനങ്ങളിലായി തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ പിരിച്ചെടുക്കേണ്ട 3256 കെട്ടിടങ്ങൾ ഉണ്ടെന്ന് കാണുന്നു. എന്നാൽ ഇവയിൽ 654 കെട്ടിടങ്ങളിൽ നിന്നും മാത്രമാണ് മേൽ തുകകൾ പിരിച്ചെടുക്കുന്നത്. എല്ലാ കെട്ടിട നമ്പരുകളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കണമെന്നില്ല. അതു പോലെ പ്രവർത്തിക്കാത്ത കെട്ടിടങ്ങളും കണ്ടേക്കാം. എങ്കിലും ആകെ കമ്മേർഷ്യൽ കെട്ടിടങ്ങളുടെ 80 ശതമാനവും മേൽ ഗണത്തിൽപ്പെടാനുള്ള സാദ്ധ്യത കുറവാണ്. ആയതിനാൽ ഈ ഇനത്തിൽ വൻ നികുതി വെട്ടിപ്പ് നടക്കുന്നതായി പ്രഥമദൃഷ്ട്യാ അനുമാനിക്കാവുന്നതാണ്. അസസ്സ്മെന്റ് രജിസ്റ്ററിൽ നിന്ന് പാർപ്പിട

കെട്ടിടങ്ങൾ ഒഴികെയുള്ളവയുടെ എണ്ണം കണക്കാക്കി ഫീൽഡ് പരിശോധന നടത്തി മേൽ നികുതി വെട്ടിപ്പ് തടയണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.ആയതിനായി പ്രത്യേക ടീമിനെ തയ്യാറാക്കുന്നതും മോണിറ്റർ ചെയ്യാൻ ഭരണസമിതിയുടെ ഒരു പ്രത്യേക കമ്മിറ്റിയെ വയ്ക്കുന്നതും ആയത് പൂർത്തിയാക്കുന്നതിന് ഒരു നിശ്ചിത കാലയളവ് നിശ്ചയിക്കുന്നതും അഭികാമ്യമായിരിക്കും.

2. 50,000 നടുത്ത് ജനസംഖ്യയും 21 വാർഡുകളുമുള്ള എടത്തല ഗ്രാമ പഞ്ചായത്തിലെ ജോലിഭാരം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് ഓഡിറ്റ് പരിശോധനക്കിടെ വ്യക്തമായി. 20,000 ൽ അധികം കെട്ടിടങ്ങളും 3,000 ൽ അധികം കമ്മേർഷ്യൽ കെട്ടിടങ്ങളും ഉള്ള പഞ്ചായത്തിൽ പ്രതിവർഷം 800 ൽ അധികം പുതിയ പെർമിറ്റുകളുടെ അപേക്ഷകളാണ് ലഭ്യമാകുന്നത്. ജീവനക്കാരുടെ ജോലിഭാരം മൂലം അടിയന്തിര കാര്യങ്ങൾക്ക് മാത്രമാണ് മുൻതൂക്കം നൽകുന്നത്.മറ്റ് പല പഞ്ചായത്തുകളിലും പൂർത്തിയായ പ്യൂരിഫിക്കേഷൻ ഇനിയും 8,000 ൽ അധികം കെട്ടിടങ്ങളുടെ ചെയ്ത് തീർക്കാനുണ്ട്. വിഷയം പഞ്ചായത്ത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ തനത് ഫണ്ട്, ബ്ളോക്ക്/ജില്ലാ ഷെയറുകൾ, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഹെഡ്ഡുകളുടെ ഒട്ടനവധി ചെലവുകൾ ചേർക്കാൻ സാധിച്ചിട്ടില്ല.മേൽ അപാകത ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

4. ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് പദ്ധതി, ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പാലുത്പാദനത്തിന് സബ്സിഡി എന്നീ രണ്ട് പദ്ധതികൾക്ക് മതിയായ തുക വകയിരുത്തിയിട്ടില്ല.ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്ക് തൻവർഷം 2,39,965 രൂപ കുറവാണ് ലഭിച്ചത് എന്നും 2018 ഡിസംബർ മുതൽ 2019 മാർച്ച് വരെയുള്ള പാലുത്പാദനത്തിന്റെ സബ്സിഡി നൽകാനായില്ല എന്നും നിർവഹണ ഉദ്യോഗസ്ഥർ അറിയിച്ചു.തനത് വരുമാനം മികച്ച രീതിയിലുള്ള പഞ്ചായത്ത് മേൽ പദ്ധതികൾക്ക് തുക നൽകാതിരിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല.മേൽ നിർവഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തെ ചെലവ് അടിസ്ഥാനമാക്കി ആവശ്യമായ തുക കണക്കാക്കി വിശദമായ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പഞ്ചായത്തിന് രേഖാമൂലം സമർപ്പിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം എന്ന പദ്ധതിക്ക് നൽകുന്ന അമൃതം എന്ന പേരിലുള്ള ആഹാരപദാർത്ഥത്തിന്റെ ലബോറട്ടറി ടെസ്റ്റ് അവസാനമായി നടത്തിയത് 30.10.2013 ലാണ്.ആയതിന്റെ ടെസ്റ്റ് നടത്തി റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

5. അനധികൃത അറവ് ശാലകൾ അടച്ച് പൂട്ടണം എന്ന് ഓംബുഡ്സ്മാന്റെ 1461/11/CMPNo.125/16 എന്ന കത്തിലും സംസ്ഥാന മനുഷ്യവകാശ കമ്മീഷന്റെ 25.10.2018 ലെ HRMP No.4304/17 ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ മുഖാന്തിരവും ആവശ്യപ്പെട്ടിട്ടുണ്ട്. പി.എച്.സി മെഡിക്കൽ ഓഫീസർ നടത്തിയ അന്വേഷണത്തിൽ 32 ഓളം അനധികൃത അറവ്ശാലകൾ പഞ്ചായത്തിലുണ്ടെന്നാണ് വാക്കാൽ അറിയാൻ കഴിഞ്ഞത് (ആയതിന്റെ റിപ്പോർട്ട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പഞ്ചായത്ത് ഹാജരാക്കിയില്ല). മനുഷ്യാവകാശ കമ്മീഷൻ, ഓംബുഡ്സ്മാൻ എന്നിവരുടെ നിർദ്ദേശം പാലിക്കാത്തത് ഗുരുതരമായ അപാകതയാണെന്ന് അറിയിക്കുന്നു. എത്രയും പെട്ടെന്ന് അനുയോജ്യമായ സ്ഥലം കണ്ടെത്തി പഞ്ചായത്തിന് അറവ്ശാല നിർമ്മിക്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. അനധികൃത അറവ്ശാലകൾ പ്രവർത്തിക്കാൻ അനുവദിക്കുന്നത് കോടതിയുടെ ഇടപെടലിന് വഴിയൊരുക്കും എന്നും അറിയിക്കുന്നു.

# 1-23 ആശ്രയപദ്ധതി-അവശ്യധനസഹായം അനുവദിച്ചിട്ടില്ല

എടത്തല ഗ്രാമപഞ്ചായത്തിൽ ആശ്രയപദ്ധതിയിലെ 2 ഗുണഭോക്താക്കൾക്ക് 2018-19 സാമ്പത്തിക വർഷം വീട് പുനരുദ്ധാരണത്തിനായി 80000 രൂ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 8/2018-19) 2012 ൽ 'ആശ്രയപദ്ധതി'വിഭാവനം ചെയ്തപ്പോൾ ഈ പദ്ധതിയിൽപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭക്ഷണം, വസ്ത്രം,

ചികിത്സ വിദ്യാഭ്യാസം, ഭൂമി, വീട്, കുടിവെള്ളം, എന്നിങ്ങനെ അവരുടെ അത്യാവശ്യങ്ങൾ നിറവേറ്റുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനും ലക്ഷ്യമിട്ടിരുന്നു. 2012-13 മുതലാരംഭിച്ച് 2016-17 -ഓടുകൂടി ലക്ഷ്യപ്രാപ്തിനേടുന്നതരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ആയതിൽ ഭക്ഷണം, ചികിത്സ, വസ്ത്രം എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ധനസ്രോതസായി കണ്ടത് സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന ചലഞ്ചുഫണ്ടും പ്ലാൻഫണ്ടുമാണ്. എന്നാൽ എടത്തല ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ 4/18 ൽ 165 രൂപ മാത്രമാണ് അവശേഷിച്ചിരുന്നത്. അത്യാവശ്യങ്ങൾക്കായി 19.5.18 ൽ പഞ്ചായത്ത് 27822 രൂപയുടെ ധനസഹായം തനതുഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളതാണ് (വൗ. 21800359/19.5.18). 6/18 ന ശേഷം പ്രസ്തുത അക്കൗണ്ടിൽ ക്യാഷ് ബാലൻസില്ല. അതായത് 6/18 ന ശേഷം ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആവശ്യസഹായം പോലും അനുവദിച്ചിട്ടില്ലാത്തതാണ്.

പദ്ധതി വഭാവനം ചെയ്തതു പ്രകാരം ഈ പദ്ധതിയിൽ ആവശ്യസഹായം അനുവദിക്കുന്നതിന് കാലാകാലങ്ങളിൽ പഞ്ചായത്തിന് ബാദ്ധ്യതയുള്ളതായി കാണുന്നു. (26.3.13 ലെ സെക്രട്ടറിയുടെ സാക്ഷ്യപത്രം) 2013 ൽ 12731540 രൂപ അടങ്കൽ അംഗീകരിച്ച ഈ പദ്ധതിയുടെ രൂപീകരണത്തിനും പരിശീലനങ്ങൾക്കും സർവ്വേകൾക്കും പദ്ധതി പണം ചെലഴിച്ചിട്ടുള്ളതും ഈ പദ്ധതിയുടെ അവലോകനം നടത്തുന്നതിന് പ്രസിഡന്റ്, സെക്രട്ടറി, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അങ്കണവാടി സൂപ്പർവൈസർ, സിഡിഎസ് മെമ്പർ എന്നിവർ അടങ്ങിയ ഒരു ഉപസമിതി രൂപീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ പദ്ധതിയിൽ ഇത്തരത്തിൽ ഒരു സ്തംഭനാവസ്ഥ ഉണ്ടായതു സംബന്ധിച്ച് ഉപസമിതി റിപ്പോർട്ടു ചെയ്യുകയോ ആയതിൽ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന വിവരം ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 L.E.D. തെരുവ് വിളക്ക് ഇൻസ്റ്റലേഷൻ - ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിന് കരാർ നല്കിയില്ല - ദ്വിവർഷപദ്ധതിയിൽ പഞ്ചായത്തിന് 2018-19 വർഷത്തിൽ 445200രൂപയുടെ നഷ്ടം-തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ: 163/19

നിർവ്വഹണം :സെക്രട്ടറി

ആകെ ചെലവ് : 2104562

ബിൽ നമ്പർ /തിയതി :12/18-19 തി 28-6-2018 (രൂ 1200000), 33/18-19 തി 22-12-2018(രൂ 904562)

L.E.D. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ എറ്റവും കുറവ് തുക രേഖപ്പെടുത്തിയിരുന്നത് സിപാനി എനർജി ലിമിറ്റഡ് എന്ന

സ്ഥാപനമായിരുന്നു. 40 വാട്ട് L.E.D. ബൾബിന് 1568 രൂപയായിരുന്നു ടി സ്ഥാപനം ടെണ്ടറിൽ ഓഫർ ചെയ്തത്. എന്നാൽ 1992രൂപ ക്വാട്ട് ചെയ്ത ക്രിസ്റ്റൽ ഏജൻസീസ്, കാലിക്കറ്റ് എന്ന സ്ഥാപനത്തിനാണ് കരാർ നല്കിയത്. ഇത് മൂന്നാമത്തെ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനമാണ്. (രണ്ടാമത്തെ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനമായ ഏഷ്യൻ ഏജൻസീസ്, വാഴക്കാട് തങ്ങളെ ടെണ്ടറിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.) 21/3/2018 ലെ 3/3 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ആണ് കരാർ നല്കിയത്. കുറവ് തുക രേഖപ്പെടുത്തിയ സ്ഥാപനം ബാംഗ്ളൂർ ഉള്ളതാണെന്നും അതിനാൽ മെയ്ന്റനൻസ് ജോലികൾക്ക് ആ സ്ഥാപനത്തേക്കാൾ അനുയോജ്യം ക്രിസ്റ്റൽ ഏജൻസീസ് എന്ന സ്ഥാപനമാണെന്നുമുള്ള 16-3-2018 -ലെ പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് കമ്മിറ്റി ഈ തീരുമാനത്തിലെത്തിയതെന്ന് കാണുന്നു. എന്നാൽ ഈ രണ്ട് സ്ഥാപനങ്ങളും ഓഫർ ചെയ്ത നിരക്കുകൾ തമ്മിലുള്ള വ്യത്യാസം 430 രൂപയാണ്. ഇക്കാരണത്താൽ തന്നെ 445200 രൂപയുടെ നഷ്ടം 2018-19 വർഷത്തിൽ മാത്രം പഞ്ചായത്തിനുണ്ടായതായി കാണുന്നു. (ഫൈനൽ ബിൽ തുക നല്കിയിട്ടുള്ളത് 2019-20 വർഷത്തിൽ പ്രോജക്റ്റ് നമ്പർ 166/’20 ന്റെ ഭാഗമായാണ്). വാറന്റി പിരിയഡിൽ വരുന്ന തകരാറുകൾ പരിഹരിക്കേണ്ടത് സപ്ളൈ നടത്തിയ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ബാംഗ്ലൂർ ഉള്ള ഏജൻസി നിരക്കുകൾ ഓഫർ ചെയ്തത് ഈ വസ്തുത പരിഗണിക്കാതെയാണെന്ന് കരുതാൻ നിർവ്വാഹമില്ല. മേൽ സ്ഥാപനം തങ്ങൾ വാറന്റി പിരിയഡിൽ മെയ്ന്റനൻസ് ജോലികൾക്ക് തയ്യാറല്ലെന്ന് അറിയിച്ചിട്ടില്ല. കുറഞ്ഞ തുക ക്വാട്ട് ചെയ്ത മേൽ സ്ഥാപനത്തെ മെയ്ന്റനൻസ് സംബന്ധിച്ച ആശങ്കകൾ കൊണ്ട് പരിഗണിക്കുന്നില്ലെന്ന് അറിയിക്കുകയോ അവരുടെ ഭാഗം കേൾക്കുന്നതിന് ശ്രമിക്കുകയോ ചെയ്തിട്ടില്ല. തീരുമാനം കൈക്കൊണ്ട പർച്ചേസ് കമ്മിറ്റിയിൽ നിർവ്വഹണോദ്യോഗസ്ഥൻ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്തിയതായും കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 1)നല്കിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിരുന്നുവെങ്കിലും തൃപ്തികരമായിരുന്നില്ല. എറ്റവും കുറവ് തുക രേഖപ്പെടുത്തിയ സ്ഥാപനവുമായി മെയ്ന്റനൻസ് വിഷയം സംബന്ധിച്ച് പഞ്ചായത്ത് ചർച്ച നടത്തിയതായോ, മേൽ സ്ഥാപനം തങ്ങളെ ടെണ്ടർ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് അറിയിച്ചതായോ മറുപടിയിൽ നിന്ന് ബോധ്യപ്പെടുന്നില്ല. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിനെ മറികടന്ന് ക്രിസ്റ്റൽ ഏജൻസീസ്, കാലിക്കറ്റ് എന്ന സ്ഥാപനത്തിന് കരാർ നല്കിയതിനാൽ പഞ്ചായത്തിന് 2018-19 വർഷത്തിൽ മാത്രം 445200 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ആകെ വാങ്ങിയ L.E.D. വിളക്കുകൾ = 1380

2018-19 ൽ തുക നല്കിയവയുടെ എണ്ണം= 1050

ക്രിസ്റ്റൽ ഏജൻസീസ്, കാലിക്കറ്റ് (L 3)ന് നല്കിയ തുക = 1050 X 1992 = 2091600 രൂപ

ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ സ്ഥാപനത്തിന് (L1)
കരാർ നല്കിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് =1050 X 1568 = 1646400 രൂപ

ഇവ തമ്മിലുള്ള വില വ്യത്യാസം = 445200 രൂപ

മേൽ നഷ്ടതുകയായ 445200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ നഷ്ടത്തിന് പദ്ധതി ആസൂത്രണം ചെയ്ത് കരാർ ചമച്ച സെക്രട്ടറിയും തുക നല്കിയ സെക്രട്ടറിമാരും 21-3-2018 ലെ 3/3 തീരുമാനം കൈക്കൊണ്ട പഞ്ചായത്ത് കമ്മിറ്റി മെംബർമാരും തുല്യമായി ഉത്തരവാദികളായിരിക്കും.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019 മുതൽ 15.06.2019 വരെ | കെ.എസ്.എഇ.കെ.എം(പി.ജി.)1227/(30)/2019 തീയതി - 03.08.2019. |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 109905 | സമഗ്ര നെൽകൃഷി വികസനം | 109905 | 0 |
| ,, | 2018-19 | 1886000 | ലൈഫ് ഭവന പദ്ധതി | 200000 | 1686000 |
| ,, | 2018-19 | 283333 | പാലിന് സബ്സിഡി | 164000 | 119333 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1300000 | ലൈഫ് ഭവന പദ്ധതി - ജനറൽ | 0 | 1300000 |
| ,, | 2018-19 | 350000 | ഭിന്ന ശേഷി സ്കോളർഷിപ്പ് | 350000 | 0 |
| ,, | 2018-19 | 20000 | പാലിന് സബ്സിഡി | 20000 | 20000 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | | 2040514 | 0 | 2040514 |
| 2 | ,, | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | | 60000 | 0 | 60000 |
| 3 | KSEB | സ്ട്രീറ്റ് ലൈൻ | | 54325 | 0 | 54325 |

| | | | | | | |
|---|---|---|---|---|---|---|
| | തേവയ്ക്കൽ | വലിക്കൽ | | | | |
| 4 | ,, | ,, | | 38616 | 0 | 38616 |
| 5 | KSEB ടൌൺ സെക്ഷൻ ആലുവ | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | | 149447 | 0 | 149447 |
| 6 | KSEB ടൌൺ സെക്ഷൻ ആലുവ | സ്ട്രീറ്റ് ലൈൻ വലിക്കൽ | | 25000 | 0 | 25000 |
| 7 | KSEB എടത്തല | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | | 100199 | 0 | 100199 |
| 8 | KSEB ടൌൺ സെക്ഷൻ ആലുവ | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | | 49513 | 49513 | 0 |
| 9 | KSEB ടൌൺ സെക്ഷൻ ആലുവ | സ്ട്രീറ്റ് ലൈൻ വലിക്കൽ - | | 99411 | 99411 | 0 |
| 10 | KSEB എടത്തല | സ്ട്രീറ്റ് ലൈൻ വലിക്കൽ | | 39742 | 39742 | 0 |
| 11 | KSEB ടൌൺ സെക്ഷൻ ആലുവ | സ്ട്രീറ്റ് ലൈൻ വലിക്കൽ | | 25000 | 0 | 25000 |
| 12 | KSEB ടൌൺ സെക്ഷൻ ആലുവ | ഇലക്ട്രിക് പോസ്റ്റ് മാറ്റി ഇടൽ | | 24904 | 0 | 24904 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2018-19 വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 858000/- രൂപ വരവുണ്ട്. 858000.00രൂപയിൽ 1438000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് വായ്പ | | 85,80,000 | 8580,000 | - | - | 85,80,000 |

വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് തുടങ്ങിയ ഗൗരവമുള്ള പരാമർശങ്ങൾ ഭാഗം മൂന്നിൽ ഉൾപ്പെടുത്തേണ്ടതാണ്.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12197075 |
| തൻവർഷം നിക്ഷേപിച്ച തുക | 1066828 |
| ആകെ | 13263903 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13263903 |

*(ഗൗരവ സ്വഭാവമുള്ള നിരീക്ഷണങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തുക.1996-ലെ കേരള പഞ്ചായത്ത് രാജ് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും ചട്ടങ്ങളുടെ ലംഘനം ഉണ്ടോയെന്ന് പരിശോധിക്കണം)*

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 15.03.2019 | 1 വർഷം | 60100 | |
| 2 | എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 15.03.2019 | ,, | 9048008 | |
| 3 | എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 15.03.2019 | | 3614888 | |
| ആകെ | | | | 13263903 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /308000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2=1 | 308000 | രാജഗിരി ഹോസ്പിറ്റൽ ലി. | 11806050000/ 20.04.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | പ്രത്യേക അവലോകനം | 2011-12 | 3-1 | കൃഷിഭവനുകളുടെ ഭൗതികസൗകര്യ വികസനം | നിയസഭാസമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞു. തൽസ്ഥിതി വിവരപത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2013-14 | പ്രവർത്തനാവലോകനം | 2013-14 | 5.3.5.6 | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല. | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞിട്ടില്ല. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.4 | ഡെപ്പോസിറ്റ് വർക്ക് (KWA)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.5 | ഡെപ്പോസിറ്റ് വർക്ക് (KSEB)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | തൊഴിൽ നികുതി പ്രത്യേക അവലോകനം | 2016-17 | 2.3 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് | ന്യൂനതാ പരിഹാര പത്രിക സമർപ്പിച്ചു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം – ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 131001714 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 82841343 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,45,200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <*<u>പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡികനമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4,45,200 | ഖ-4-10 ( ഇ ) യിൽ ചേർത്തിട്ടുണ്ട്. |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ക്രമനം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി സാജിത അബ്ബാസ് , പ്രസിഡണ്ട് | പ്രസിഡണ്ട് | വാർഡ് 18, പറക്കുന്നത്ത് വീട്,നൊച്ചിമ , NAD P.O. |
| 2 | സ്രീ.വി.എം.അബൂബക്കർ,വൈസ് പ്രസിഡണ്ട് | വൈസ് പ്രസിഡണ്ട് | വാർഡ് 7, പീടിക പറമ്പിൽ നൊച്ചിമ പി.ഒ. |
| 3 | ശ്രീമതി. ആബിദ ഷെരീഫ് , വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വാർഡ് 20, ആഞ്ഞിലിമൂട്ടിൽ വീട്, വെള്ളക്കുഴി, നൊച്ചിമ, NAD |
| 4 | ശ്രീ.എം.പി. കുഞ്ഞുമുഹമ്മദ്, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വാർഡ് 17, മെഴക്കാട്ടിൽ വീട്, എടത്തല നോർത്ത് പി.ഒ. |
| 5 | ശ്രീമതി.ജിനില റഷീദ് , ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വാർഡ് 13, മറ്റത്തിൽ വീട്, എൻ.എ.ഡി.പി.ഒ., മണലിമുക്ക് |
| 6 | ശ്രീ.എ.പി.അബ്ദു, മെമ്പർ വാർഡ് 1 | മെമ്പർ വാർഡ് 1 | മെഴക്കാട്ടിൽ വീട്, കൊടികുത്തുമല |
| 7 | ശ്രീ.ജോൺസൺ ജേക്കബ് മെമ്പർ വാർഡ് 2 | മെമ്പർ വാർഡ് 2 | തൈക്കാട്ടുമൂലയിൽ, ചൂണ്ടി,എരുമത്തല പി.ഒ. |
| 8 | ശ്രീ.കെ.കെ.റഫീഖ്, മെമ്പർ വാർഡ് 3 | മെമ്പർ വാർഡ് 3 | കൊല്ലംകുടി, എടത്തല നോർത്ത് പി.ഒ. |
| 9 | ശ്രീമതി .അയിഷാ ബീവി, മെമ്പർ വാർഡ് 4 | മെമ്പർ വാർഡ് 4 | മനയിൽ വീട് ചുണങ്ങം വേലി , |

| | | | |
|---|---|---|---|
| | | | എരുമത്തല പി.ഒ. |
| 10 | ശ്രീമതി ഷഹന ഷജീരി മെമ്പർ വാർഡ് 5 | മെമ്പർ വാർഡ് 5 | കക്കാട്ടിൽ വീട്, പേങ്ങാട്ടുശേരി, എരുമത്തല പി.ഒ. |
| 11 | ശ്രീ.സി.എം.അഷ്റഫ് മെമ്പർ വാർഡ് 6 | മെമ്പർ വാർഡ് 6 | ചിറങ്ങര വീട്, എടത്തല നോർത്ത് പി.ഒ. |
| 12 | കുമാരി അനില അയ്യപ്പൻകുട്ടി, മെമ്പർ വാർഡ് 8 | മെമ്പർ വാർഡ് 8 | പുക്കാട്ടുമുകൾ വവീട്, എടത്തല പി.ഒ.,കുഞ്ചാട്ടുകര |
| 13 | സി.കെ.രാജൻ, മെമ്പർ വാർഡ് 9 | മെമ്പർ വാർഡ് 9 | ചെറുപ്പക്കാട്ടുകുടി, കുഞ്ചാട്ടുകര, എടത്തല പി.ഒ. |
| 14 | ശ്രീമതി.ലളിത ഗോപിനാഥ് മെമ്പർ വാർഡ് 10 | മെമ്പർ വാർഡ് 10 | തുരുത്തി വീട്, എടത്തല പി.ഒ. പൂക്കാട്ടുപടി |
| 15 | ശ്രീമതി.അസ്മ ഹംസ,മെമ്പർ വാർഡ് 11 | മെമ്പർ വാർഡ് 11 | പുക്കാട്ട് വീട്, എടത്തല പി.ഒ. കുഴവേലിപ്പടി |
| 16 | ശ്രീമതി.കെ.എസ്.സറീന മെമ്പർ വാർഡ് 12 | മെമ്പർ വാർഡ് 12 | മാത്തിപറമ്പിൽ വീട്, വി.കെ.കോളനി, മണലിമുക്ക് . |
| 17 | ശ്രീമതി.ഷാഹിന കെരീം, മെമ്പർ വാർഡ് 14 | മെമ്പർ വാർഡ് 14 | മരോട്ടിക്കൽ വീട്, എടത്തല പി.ഒ. |
| 18 | ശ്രീ.എ.കെ.മായാദാസൻ മെമ്പർ വാർഡ് 15 | മെമ്പർ വാർഡ് 15 | അറയ്ക്കൽ വീട്, എടത്തല പി.ഒ. കുഞ്ചാട്ടുകര |
| 19 | ശ്രീ,രെജി പ്രകാശ് മെമ്പർ വാർഡ് 16 | മെമ്പർ വാർഡ് 16 | കുഴപ്പിള്ളി , പ്രകാശ് മന്ദിരം, എടത്തല പി.ഒ. |
| 20 | ശ്രീമതി.റുക്കിയ റഷീദ് മെമ്പർ വാർഡ് 19 | മെമ്പർ വാർഡ് 19 | മൂലേപ്പറമ്പ്, ചലേപ്പള്ളി, NAD P.O. |
| 21 | ശ്രീമതി .എ.എ.മായിൻ, മെമ്പർ വാർഡ് 21 | മെമ്പർ വാർഡ് 21 | ആഞ്ഞിലിമൂട്ടിൽ, നൊച്ചിമ, എൻ.എ.ഡി.പി.ഒ. |
| 22 | ശ്രീമതി .ജയകുമാരി എം.ആർ, സെക്രട്ടറി | റിട്ടയേർഡ് | ശ്രീവത്സം, മഞ്ഞുമ്മൽ എറണാകുളം |
| 23 | ശ്രീ.സുധർലാൽഎൻ.എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുടക്കുഴ ഗ്രാമ പഞ്ചായത്ത് | നിക്രത്തിൽ , കുറിച്ചിലക്കോട്, കോടനാട്, പെരുമ്പാവൂർ |
| 24 | ശ്രീ.എസ്.ലാൽ സിംഗ് സെക്രട്ടറി | സെക്രട്ടറി, ബൈസൺവാലി ഗ്രാമ പഞ്ചായത്ത് | പ്രിയ ഭവൻ പുത്തേചിറയിൽ, കുടപ്പനക്കുന്ന്, തിരുവനന്തപുരം |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(i)/18, 09.08.18/10.10.18 |
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ii)/18, 09.08.18/10.10.18 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iii)/18, 09.08.18/10.10.18 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iv)/18, 09.08.18/10.10.18 |
| 2000-01 | എൽ.എഫ്.ഇ.(പി.5)1997/11, 30.03.12 |
| 2001-02 (Non Plan വരവ് ചെലവ്) | എൽ.എഫ്.ഇ.(പി.5)1009/10, 26.04.11 |
| 2001-02 Plan | എൽ.എഫ്.ഇ.(പി.5)1010/10, 24.07.12 |
| 2002-03ചെലവ് | എൽ.എഫ്.ഇ.(പി.5)228/11, 03.05.12 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(v)/18, 09.08.18/10.10.18 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vi)/18, 09.08.18/10.10.18 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vii)/18, 09.08.18/10.10.18 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(viii)/18, 09.08.18/10.10.18 |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ix)/18, 09.08.18/10.10.18 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(x)/18, 09.08.18/10.10.18 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xi)/18, 09.08.18/10.10.18 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xii)/18, 09.08.18/10.10.18 |
| 2011-12 | കെ.എസ്.എ.-ഇ.കെ.എം.(പി5)1093/16, 01.02.17 |
| 2012-13 | എൽ.എഫ്.ഇ.(പി.5)163/15, 06.06.15 |
| 2013-14 &14-15 | കെ.എസ്.എ.ഇ.കെ.എം.(പി.5)1186/16, 06.03.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.5)778/17, 24.07.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി10)1502/17, 18.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി10)2205/18, 01-03-2019 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടത്തല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംഗ്രഹം

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ് ), പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് തുകകൾ ഹെഡ് വൈസ് ക്യാരി ഓവർ ചെയ്ത് 2018-19 ലെ ഡെപ്പോസിറ്റ് വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. ബി-9 ഷെഡ്യൂളിൽ 03/2019 ലെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി തുകകളാണ് ഉൾപ്പെടുത്തേണ്ടത്.എന്നാൽ പെൻഷൻ കോൺട്രിബ്യൂഷൻ, ജി.പി.എഫ്, കെ.പി.ഇ.എ.ഫ്, എസ്.എൽ.ഐ, ജി,ഐ.എസ്, എൽ, ഐ,സി തുടങ്ങിയ റിക്കവറികൾ മാർച്ച് മാസത്തിനേക്കാൾ കൂടുതലാണ്. ഇതിന്റെ വിവരം ലഭ്യമല്ല.

4. ബി-9 ഷെഡ്യൂളിൽ 350200110 പ്രകാരം കെ.എസ്.എഫ്.ഇയിൽ അടയ്ക്കേണ്ട 10,000 രൂപയും 350200111 പ്രകാരം കോ ഓപ്പറേറ്റീവ് ബാങ്കിൽ അടയ്ക്കേണ്ട 8,000 രൂപയും ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇതിന്റെ വിവരം ലഭ്യമല്ല.

5. ബി-9 ഷെഡ്യൂളിൽ 350410101 പ്രകാരം ഉള്ള റസിഡൻഷ്യൽ ബിൽഡിംഗുകളുടെ അഡ്വാൻസ് കളക്ഷൻ തുക (87,391രൂപ) ആർ.പി-36 പ്രകാരമുള്ള തുകയുമായി (6,835 രൂപ) പൊരുത്തപ്പെടുന്നില്ല.

6. ബി-9 ഷെഡ്യൂളിൽ 350410104 പ്രകാരം ഉള്ള നോൺ റസിഡൻഷ്യൽ ബിൽഡിംഗുകളുടെ അഡ്വാൻസ് കളക്ഷൻ തുക
(1,11,786) ആർ.പി-36 പ്രാകരമുള്ള തുകയുമായി (0)പൊരുത്തപ്പെടുന്നില്ല.

7. ബി-9 ഷെഡ്യൂളിൽ 350800101 പ്രകാരം Stale Cheque കളുടെ തുകയായി 8,43,918 രൂപ ഉൾപ്പെടുന്നുണ്ട്.എന്നാൽ ചെക്കുകളുടെ വിശദവിവരം ലഭ്യമല്ല.

8. ബി-18 ഷെഡ്യൂളിൽ 460600101 പ്രകാരം ഇലക്ട്രിസിറ്റി ഡെപ്പോസിറ്റായി 46,067 രൂപ ഉൾപ്പെടുന്നുണ്ട്.ഇതിന്റെ വിശദ വിവരം ലഭ്യമല്ല.

9. എൻ.ആർ.ഇ.ജി.എയുടെ നീക്കിയിരിപ്പ് തുക ആർ.പി-40 (ബി) പ്രകാരമുള്ള തുകയും (6,599 രൂപ ) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ( 5,599 രൂപ ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10. വസ്തു നികുതി (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) കുടിശ്ശിക ഡിമാൻഡ് 2017-18 വാർഷിക കണക്കിലെ തുകയും സഞ്ചയയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.ആയതിനാൽ 2018-19 ലെ കുടിശ്ശിക നീക്കിയിരുപ്പ് തുകയിലും വ്യത്യാസം കാണുന്നു.

11. ഓഡിറ്റ് റിക്കവറി തുക ആർ.പി-12 ഷെഡ്യൂളിൽ ഓഡിറ്റ് ഫീ എന്ന ശീർഷകത്തിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

12. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **EDATHLA** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat

Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of EDATHALA Grama Panchayat for the year 2018-19 except to the observations appended herewith, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of defects

1. Notes on Accounting policy and Basic Ratios are not included in the Annual Financial Statement.
2. The Deposite register is not maintained according to the headwise details.
3. The recovery amounts from salary of 03/2019 is to be recorded in B-9 schedule.But the recovery amounts interms of Pension contribution, GPF, KEPEF, SLI , GIS, and LIC is shown more than the amounts of salary bill of 03/2019. No details regarding the excess amount is furnished.
4. The details of the amounts to be remitted vide 350200110 KSFE (10,000 Rs ) and 350200111 Co-operative bank
(8,000 Rs ) in schedule B-9 are not furnished.
5. The advance collection of Property tax (Residential buildings) is shown as 87,391 Rs in B-9 schedule in 2017-18 AFS.it is not in tally with that of RP-36 (6,835).
6. The advance collection of Property tax (Non Residential buildings) is shown as 1,11,786 Rs in B-9 schedule in 2017-18 AFS.it is not in tally with that of RP-36 (0) .
7. Stale cheque amounting 8,43,918 is included B-9 schedule (350800101).but the details of the cheques are not furnished.
8. An amount of 46,067 is included in B-18 schedule (460600101) as electricity deposit details of this amount is produced.
9. The closing balance of NREGA amount as per RP-40(b) (6,599 Rs) is not in tally with the amount as per B-4 schedule (5,599Rs).
10. The arrear demand of Property tax (Residential & Non residential) vide 2017-18 accounts and that of sanchaya are not tallied. Hence a difference is seen in the arrear balance amount in 2018-19 accounts.
11. Audit recovery amount is recorded as a receipt in RP-12 as Audit fees.
12. The Asset register is not updated completely including the land owned by the panchayath and reconciled with the Annual Financial Statement.

DEPUTY DIRECTOR